Vol. XVI. ൧൧൧൧ ധനു No. XII.

THE TRAVANCORE ECONOMIC JOURNAL



വാർഷികവരിസംഖ്യ മുൻകൂർ 2 ബ്രി. രൂപ.

തിരുവിതാംകൂർ ഗവണ്മെന്റ് എക്കണോമിക്ക് ഡവലപ്പ്മെന്റ്
ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കൃഷിവ്യവസായമാസിക.

വിഷയവിവരം

തിരുവിതാംകൂർ കൃഷിവ്യവസായമാസിക.

വാല്യം 16 } തിരുവനന്തപുരം, 1112 ധനു. { ലക്കം 12

സചിവോത്തമൻ
സർ സി. പി. രാമസ്വാമിഅയ്യരുടെ പ്രസംഗം.

ശ്രീചിത്രാ മിൽസിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചുകൊണ്ടു ദിവാൻ സർ സി.പി.രാമസ്വാമിഅയ്യർ തിരുവിതാംകൂർഗവർമ്മെന്റിന്റെ വ്യാവസായികനയംവിവരിച്ചു. ഈ ശിലാസ്ഥാപനദിനം ഭാഗ്യവശാൽമഹാരാജാവു തിരുമനസ്സിലെ ഭരണാധികാരപ്രതിഷ്ഠാപനത്തിന്റെ അഞ്ചാമത്തു വാർഷികദിനംകൂടിയായിരിക്കുന്നെന്നു ആദ്യമേതന്നെ അദ്ദേഹം പ്രസ്താവിക്കയും അതു തിരുവിതാംകൂറിന്റെ വ്യാവസായികാഭിവൃദ്ധിയിൽ ഉണ്ടാകാൻ പോകുന്ന ദൈവാധീനങ്ങളുടെ ഒരു മുന്നോടിമാത്രമായിരിക്കുമെന്നാശിക്കയും ചെയ്തു. ഇന്നത്തെ തിരുവിതാംകൂറിന്റെ ചരിത്രംഎഴുതപ്പെടുമ്പോൾ മഹാരാജാ മാർത്താണ്ഡവർമ്മയെപ്പോലെതന്നെ ഇപ്പോഴത്തെമഹാരാജാവു തിരുമനസ്സിലെ നാമധേയവും ജനങ്ങളുടെ ആദർശങ്ങളുടെ മൂർത്തിഭാവമായിത്തന്നെ രേഖപ്പെടുത്തപ്പെടും. മഹാരാജാവു തിരുമനസ്സുകൊണ്ടും അവിടത്തെ പ്രശസ്തമാതാവും സർ. വിക്ടർ സാസൂണിന്റെ ബുദ്ധിസാമർത്ഥ്യത്തെ തിരുവിതാംകൂറിലെ വ്യവസായാഭിവൃദ്ധിയിലേക്കു തിരിച്ചുവിടാൻ സമുത്സുകരായി. തിരുമേനിമാർ ഇക്കാര്യം പലയാവർത്തി സാസൂണിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. സർ വിക്ടർ വൻതോതിൽ ഫാക്ടറികളിൽ സാധനോല്പാദനം നടത്തുന്നതിൽ വിശ്വസിക്കുന്നവനല്ല. കുടിൽവ്യവസായങ്ങളിൽ വാസനയുള്ള ഇന്ത്യയ്ക്കു അതു യോജിച്ചതല്ലെന്നാണു അദ്ദേഹം കരു

ടുന്നതു്. ജനനിബിഡവും വൃത്തിഹീനവുമായുള്ള പാപ്പ്, മുതലാളിതൊഴിലാളിവഴക്കുകൾ, ഫാക്ടറിരീതിയിലുള്ള വ്യവസായാഭിവൃദ്ധിയിലെ മററു പലവിധമായ വിഷമങ്ങൾ എന്നിവയുടെവീക്ഷണസ്ഥാനത്തുനിന്നുനോക്കുമ്പോൾ സർ വിക്ററർ വിചാരിക്കുന്നതു വ്യാവസായികപ്രബുദ്ധത വളത്തുന്നതിനുള്ള ഉചിതമായമാർഗ്ഗം വ്യാവസായികപ്രവത്തനങ്ങളെ നാട്ടിൻപുറങ്ങളിലെങ്ങുംവ്യാപിപ്പിക്കയാണെന്നാണ്. ഈ സന്ദർഭത്തിൽ സ്റ്റോൺസിനെയും തിരുവിതാംകൂർ കച്ചവടഏജൻറായ കഞ്ജിദ്വാരകദാസിനെയും പ്രശംസിച്ചുകൊണ്ടു സർ രാമസ്വാമി പറഞ്ഞതു ശ്രീചിത്രാമിൽസുസംബന്ധിച്ച ഈ പദ്ധതി ഫലപ്രാപ്തിയിലെത്തിക്കുന്ന കാര്യത്തിൽ ദ്വാരകദാസ് ഗണ്യമായ സഹായം ചെയ്തിട്ടുണ്ടെന്നാണ്.

തിരുവിതാംകൂറിൻെറ വ്യാവസായികനയത്തെവിവരിച്ചുകൊണ്ടു സർ സി. പി. രാമസ്വാമിഅയ്യർപറഞ്ഞു:—

മററുരാജ്യങ്ങളിൽ വ്യവസായ പരിപോഷണം കൽക്കരി, ഇരുമ്പു, ജവുളിവ്യവസായങ്ങൾ എന്നിവയുടെ പരിധികളുള്ളിലാണ്. തിരുവിതാംകൂറിൽ ഈ വിഭവങ്ങൾ തുലോം കുറവാകുന്നു. പക്ഷെ അതിവേഗത്തിൽ കൽക്കരിയുടെയും ഇരുമ്പിൻെറയും സ്ഥാനം അപഹരിച്ചുവരുന്ന വിഭവങ്ങൾ, അതായതു നദികളും ആറുകളും തിരുവിതാംകൂറിൽ ധാരാളമുണ്ടു്. ഒരിക്കലും വററാത്ത ഈ നദികൾ ജലവൈദ്യുതശക്തിയുടെ പരിപോഷണത്തെ സഹായിക്കുന്നു. ഇത്തരം ജലവൈദ്യുതപദ്ധതികളുടെ പരമ്പരയിൽ ആദ്യത്തെ കണ്ണിയായിരിക്കുമെന്നു താൻ ആശിക്കുന്ന പള്ളിവാസൽ പദ്ധതി താമസിയാതെ പൂത്തിയാകയും ലഘുവായ വിലയ്ക്കു കുടിലുകളിലും പട്ടണങ്ങളിലും ശക്തി പ്രദാനംചെയ്യുകയുംചെയ്യും. തിരുവിതാംകൂറിൽ ധാരാളം മുളകളും വനവിഭവങ്ങളുമുണ്ടു്. ഇവയെ വേണ്ടവണ്ണം ഉപയോഗപ്പെടുത്തി സാസൂൺ തിരുവിതാംകൂറിൻെറ വ്യവസായാഭിവൃദ്ധിയെപ്രോത്സാഹിപ്പിക്കുമെന്നു കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ ധാതുസമ്പത്തും വളരെ വലുതാണു. നിസ്തുലഗുണമുള്ള ചീനക്കളിമണ്ണു തിരുവിതാംകൂറിൽ എത്രവേണമെങ്കിലും സുലഭമാണ്. നല്ല

ജാഗ്രതയും വിദ്യാഭ്യാസവും ബുദ്ധിസാമർത്ഥ്യവും ഉള്ള ജനങ്ങളും വ്യവസായോദ്ധാരണവിഷയത്തിൽ വലിയ ഒരു സമ്പത്താണു്.

വ്യവസായാഭിവൃദ്ധിക്കായി വിദേശീയമൂലധനത്തെ വിനിയോഗിക്കുന്നതിനെ പരാമർശിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു:—

വിദേശീയമൂലധനം ദേശീയപരിശ്രമങ്ങളെ ശ്വാസം മുട്ടിക്കുമെങ്കിൽ അതു അനർത്ഥകരമായിരിക്കും. എന്നാൽ തദ്ദേശീയമൂലധനത്തിനു പ്രബുദ്ധതയോ സന്നദ്ധതയോ ഇല്ലാതേയും വ്യവസായോദ്ധാരണത്തെ നയിക്കാൻ അപ്രാപ്തമായി കാണപ്പെടുകയും ചെയ്യുമ്പോൾ രാജ്യത്തിന്റെ പരിപോഷണത്തിനായി വിദേശീയമൂലധനത്തെ വിനിയോഗിക്കാൻ സന്ദേഹിക്കുന്നതെന്തിനു്? സർ. രാമസ്വാമിഅയ്യർ ഇവിടെ ജപ്പാന്റെ ദൃഷ്ടാന്തം ഉദ്ധരിച്ചു. വിദേശീയമൂലധനത്തെയോ വിദേശീയ ബുദ്ധിസാമർത്ഥ്യത്തെയോ വിദേശീയപരിശ്രമങ്ങളെയോ ജപ്പാൻ നിന്ദിച്ചില്ലെന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. വ്യാവസായികമായി ഇന്ത്യയ്ക്കു സ്വന്തംകാലിൽ നിൽക്കാൻകഴിയാത്തിടത്തോളംകാലം അന്യരാജ്യങ്ങളിൽനിന്നുള്ള സഹായത്തെ—യാതൊരു ദുരുദ്ദേശങ്ങളും പിന്നിലില്ലാത്തതും രണ്ടുകൂട്ടർക്കും പൊതുവായ ഒരുദ്യമത്തിൽ സഹകരിക്കണമെന്ന മനോഭാവത്തോടെ വരുന്നതുമായ സഹായത്തെ ഞങ്ങൾ സ്വാഗതംചെയ്യും. അത്തരം സഹായമാണു സാസൂൺ ചെയ്യുന്നതു്. സാസൂൺസ് നമ്മുടെ പങ്കാളികളായിരിക്കും, അല്ലാതെ നമ്മുടെ യജമാനന്മാരായിരിക്കയില്ല.

ഇതിനോടു വളരെ അടുത്ത ബന്ധമുള്ളതാണു വാഹനഗതാഗതപ്രശ്നം. വാഹനഗതാഗതം എന്നതു് ഏതാനുംപേരുടെ കുത്തകയായിരിക്കരുതു. അതു പൊതുവെ വ്യാവസായികവും വാണിജ്യപരവും ആയ അഭിവൃദ്ധിക്കു പ്രയോജകീഭവിക്കണം. പ്രാഥമികവും മൗലികവും ആയ സകല ജനകീയാവകാശങ്ങളും നിവ്ഹിക്കയെന്നുള്ളതാണു സ്റ്റേററിന്റെ കൃത്യം. ആ വീക്ഷണത്തോടുകൂടിയാണു സ്വകാര്യപരിശ്രമങ്ങൾക്കു പ്രതിബന്ധമുണ്ടാക്കുകയോ അതിനെ ഞെക്കുകയോ ചെയ്യാതെ ഗതാഗതപദ്ധ

തികളുടെമേൽ ഏതാനും നിയന്ത്രണമേപ്പെടുത്താൻ തിരുവിതാംകൂർ ഗവ
ൺമെൻറു നിശ്ചയിച്ചിരിക്കുന്നതു്. ഇതിനപ്പുറമായി വ്യാവസായികവും
വാണിജ്യപരവുംആയ അഭിവൃദ്ധിയിൽ സ്റേററു എത്ര കുറച്ചു ഇടപെ
ടുന്നോ അത്ര കണ്ടു നന്നായിരിക്കും. ഗവർമ്മെൻറു പ്രായോഗികമായി
ചിലതെല്ലാം കാണിച്ചുകൊടുക്കയും വ്യാവസായികാഭിവൃദ്ധിക്കായി മാതൃകാ
സ്ഥാപനങ്ങൾ സ്ഥാപിക്കയുംവേണം. ജനങ്ങൾ പഠിച്ചുകഴിഞ്ഞാൽ
സഹകായ്യപരിശ്രമങ്ങൾക്കു പൂൎണ്ണമായ സ്വാതന്ത്ര്യമനുവദിച്ചു അവരുടെ
വ്യവസായോദ്യമങ്ങൾ വിജയപ്രദമാക്കുവാൻ സ്റേററു സഹായിക്കണം.
ഇതായിരിക്കും തിരുവിതാംകൂർ ഗവർമ്മെൻറിനെ പ്രചോദിപ്പിച്ചുകൊണ്ടി
രിക്കുന്ന നയം. ഗ്രാമീണജീവിതം പ്രദാനംചെയ്യുന്ന സുഖങ്ങളെ പരിത്യ
ജിക്കാതെതന്നെ തിരുവിതാംകൂറിനു വ്യാവസായികമായി സ്വാശ്രയശക്തി
സമ്പാദിക്കാനും പുരോഗമിക്കാനും സാധിക്കുമെന്നു ആശിക്കപ്പെടുന്നു.
"നമ്മുടെഗ്രാമങ്ങൾ മനോഹരങ്ങളാണ്. അവയുടെ വിശാലമായ ഭാവിയെ
എന്തിനു നശിപ്പിക്കുന്നു? വിലകുറഞ്ഞ വിദ്യുച്ഛക്തി ഓരോ കുടിലിലും പ്രദാ
നംചെയ്തു തൻെറ ആവശ്യങ്ങൾ നിറവേററുന്നതിനുമാത്രമല്ല സംസ്ഥാനത്തി
ൻെറ വ്യാവസായികാവശ്യങ്ങളെ സാധിക്കുന്നതിനും ഓരോ ഗ്രാമീണനെയും
ശക്തനാക്കുക. അങ്ങനെയായാൽ അവർ ഇന്ത്യയുടെ ഇതരഭാഗങ്ങൾക്കും
ഒരു പ്രേരണയും ദൃഷ്ടാന്തവും ആയിരിക്കും."

ശ്രീചിത്ര അഖിലേന്ത്യാ പ്രദർശനം ഉൽഘാടനംചെയ്തുകൊണ്ടു
മദ്രാസ് ഗവർണ്ണർ എഴ്സ്കയിൻപ്രഭു ചെയ്ത പ്രസംഗം.

മഹാരാജാവുതിരുമനസ്സിലെ ദയാപൂർവ്വമായ ക്ഷണം സ്വീകരിച്ചുകൊണ്ടു അത്യന്തം കൗതുകപ്രദമായ ഈ പ്രദർശനം ഉൽഘാടനംചെയ്യുന്നതിനു എനിക്കുവളരെ സന്തോഷമുണ്ടു്. തെക്കെ ഇൻഡ്യയിൽ ഇങ്ങനെയൊന്നു ഞാൻ കാണുന്നതു ആദ്യമായിട്ടാണു്. പരിശോധനയ്ക്കായി ഇവിടെ ശേഖരിച്ചിരിക്കുന്ന സാധനങ്ങളുടെ വൈവിധ്യം എൻെറ മനസ്സിനെ വളരെ ആകർഷിച്ചിരിക്കുന്നു. ഈ വർഷത്തിലാണു ഇതാദ്യമായി ഒരു അഖിലേന്ത്യാപ്രദർശനമാക്കിയതെന്നു ഞാനറിയുന്നു. രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നുണ്ടായ സഹകരണം നിശ്ചയമായും ഭാരവാഹികൾക്കു ചാരിതാർത്ഥ്യജനകമായിരിക്കണം. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നു വലുതുംചെറുതുമായ അനേകമനേകം വ്യവസായശാലകളിലെ ഉല്പന്നങ്ങളും അതോടുകൂടിത്തന്നെ പലകർഷകരുടെയും കുടിൽവ്യവസായികളുടെയും കരകൗശലങ്ങളുടെ ഫലവും ഇവിടെയുണ്ടു്. ഇവയെല്ലാം കൂടിച്ചേരുമ്പോൾ രാജ്യത്തിലെ വിപുലമായ പ്രകൃതിവിഭവങ്ങളുടെയും കൈത്തൊഴില്കാരുടെ കരകൗശലങ്ങളുടെയും അത്യാകർഷകമായ ഒരു പ്രദർശനമാകുന്നുണ്ടെന്നു ഞാൻ പറയുന്നതിനോടു നിങ്ങളും നിശ്ചയമായി യോജിക്കും.

ഇതുപോലെയുള്ള പ്രദർശനങ്ങളുടെ പ്രയോജനം സർവ്വത്ര അംഗീകൃതമായിട്ടുണ്ടു്. എൻെറ രാജ്യത്തുതന്നെ ബ്രിട്ടീഷ് വ്യവസായ വാണിഭം, ഐഡിയൽ ഹോംസ് എക്സിബിഷൻ, മോട്ടോർപ്രദർശനം, നെയ്ത്തുവ്യവസായപ്രദർശനം മുതലായ വലിയ പ്രദർശനങ്ങൾ ആണ്ടുതോറും നടത്തുകയും നാട്ടിൽനിന്നും വിദേശങ്ങളിൽനിന്നും വാങ്ങാൻവരുന്നവർക്കു വളരെ പ്രയോജനകരമായി ഭവിക്കയും ചെയ്യുന്നുണ്ടു്. ജീവിതാവശ്യത്തിനും നിത്യോപയോഗത്തിനുമുള്ള സാധനങ്ങളുടെ പരിഷ്കൃതമാതൃകകൾ കാട്ടിക്കൊടുത്തു അവ നാട്ടിലെ ജനങ്ങളിൽ താല്പര്യം വളർത്തുകമാത്രമല്ല രാജ്യത്തിലെ ഉല്പന്നങ്ങൾക്കു അന്യദേശങ്ങളിൽ കീർത്തിയും പ്രചാരവും വർദ്ധിപ്പി

കന്നതിനുള്ള ഏററവും പ്രയോജനകരമായ മാർഗ്ഗമായിത്തീരുകയും ചെയ്യുന്നു. അനേകലക്ഷം പവന്റെ വിലയ്ക്കുള്ള സാമാനങ്ങൾക്ക ഇട പാടുചെയ്യുന്നതിനും അതതുവർഷത്തെ ഏററവും വലിയ വ്യാപാര ഇടപാടുകൾ നടത്തുന്നതിനും ഉള്ള സന്ദർഭങ്ങളാണു വാസ്തവത്തിൽ അവ. അതുകൊണ്ടു തിരുവിതാംകൂറിൽ ഈ പ്രദർശനം നടത്തുന്നതു ഇവിടത്തെ ജനങ്ങൾക്ക മാത്രമല്ല ഇന്ത്യയ്ക്കു പൊതുവെതന്നെ വലുതായ ഒരുപകാരം ചെയ്കയാണെന്നു ഞാൻ കരുതുന്നു. അതുരണ്ടുകൂട്ടർക്കും, അതർഹിക്കുന്നതുപോലെ പ്രയോജനകരമായിത്തീരുമെന്നും ഞാനാശിക്കുന്നു.

ഈ പ്രദർശനം സന്ദർശിക്കുന്ന ഈ രാജ്യത്തെ പ്രജകൾക്ക ഇന്ത്യയുടെ ഇതരഭാഗങ്ങളിൽനിന്നു വന്നിട്ടുള്ള പലതുംകൌതുകപ്രദമായി തോന്നും. തങ്ങളുടെ വ്യവസായാവശ്യങ്ങൾക്ക യോജിച്ച പരിഷ്കൃതരീതിയിലുള്ള യന്ത്രോപകരണങ്ങൾ അവർ കാണുകയും ഗൃഹത്തിലെ സുഖസൗകര്യാദികൾക്കുതകുന്ന പലതും അവരെ ആകർഷിക്കയും ചെയ്യും. ഇന്നുള്ള ഉല്പന്നങ്ങളെ നന്നാക്കുന്നതിനും അവരുടെ അസംസ്കൃത സാധനങ്ങളെ പുതിയ രീതികളിൽ ഉപയോഗിക്കുന്നതിനും ഉള്ള നവീനാശയങ്ങൾ അവർ ഗ്രഹിക്കും. എന്നാൽ മററു സംസ്ഥാനങ്ങളിൽനിന്നും ബ്രിട്ടീഷ്ഇന്ത്യയിൽനിന്നും വരുന്നവർക്കും പ്രദർശനം ഒന്നുകൊണ്ടും കൗതുകംകുറഞ്ഞതായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ അതു തിരുവിതാംകൂറിലെ വിപുലമായ പ്രകൃതിവിഭവങ്ങളെയും അവയുടെ സംസ്കരണത്തിന്റെ സാദ്ധ്യതകളെയും ഇതുവരെ വ്യവസായംചെയ്തുവന്നിട്ടുള്ള സാധനങ്ങളുടെ മെച്ചത്തെയുംപററി അവർക്കു പ്രത്യക്ഷമായ അനുഭവംനൾകും. പുറത്തേക്കയയ്ക്കപ്പെടുന്ന റബർ, തേയില, വിവിധങ്ങളും പ്രധാനങ്ങളുമായ ധാതുദ്രവ്യങ്ങൾ എന്നിവമൂലം തിരുവിതാംകൂർ സുപ്രസിദ്ധമായിത്തീർന്നിട്ടുണ്ട്. തിരുവിതാംകൂറിലെ കരകൗശലക്കാർ അവരുടെ വേലകളുടെ—പ്രത്യേകിച്ചുദന്തത്തിലും തടിയിലും ചെയ്യുന്ന വേലകളുടെ—കലാപരമായ വൈശിഷ്ട്യംകൊണ്ടു സുപ്രസിദ്ധരാണു്. പക്ഷേ ഇതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത അതിവിപുലമായ വിഭവങ്ങൾ—പ്രത്യേകിച്ചു തടികൊണ്ടുള്ള പൾപ്പ് ഉണ്ടാക്കുന്നതിനും കൃത്രിമപ്പട്ടു്, കടലാസു എന്നി വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രത്യേകസൗ

കയ്യങ്ങൾ നൽകുന്ന വനവിഭവങ്ങൾ—ഉണ്ട്. തിരുവിതാംകൂറിനു മഹത്തായ ഒരു വ്യാവസായികഭാവി മുന്നിലുണ്ടെന്നും ജലവൈദ്യുതപരിപോഷണപരിപാടി നടപ്പിൽ വരുന്നതോടുകൂടി തിരുവിതാംകൂറിന്റെ പാദങ്ങൾ ആ ശോഭനഭാവിയുടെ പടിവാതുക്കൽതന്നെയാണു ഉറപ്പായി ഊന്നിയിരിക്കുന്നതെന്നും ഞാൻ കരുതുന്നു. പൈക്കാരാ ജലവൈദ്യുതപദ്ധതി ഏതാനുംകാലമായി നടപ്പിൽ വന്നിരിക്കയാണെന്നും പെട്ടെന്നു വദ്ധിച്ചിരിക്കുന്ന ആവശ്യത്തിനനുസരിച്ചു അതിൽനിന്നു കൂടുതൽ ശക്തിഉല്പാദിപ്പിക്കാൻ ഞങ്ങൾ ശ്രമിക്കയാണെന്നും നിങ്ങൾക്കറിയാമല്ലോ. മേട്ടൂർ പവർഹൗസു പണി തീൎന്നുവരുന്നു. പ്രസിഡൻസിയുടെ തെക്കുംവടക്കും വലുതായ പദ്ധതികൾ നടപ്പിലാക്കാനാലോചിച്ചുവരുന്നുണ്ട്. വ്യവസായിയുടെയും കൎഷകന്റെയും ഐശ്വര്യത്തിലേക്കുള്ള താക്കോൽ ജലവൈദ്യുതശക്തിയിലാണിരിക്കുന്നതെന്നു ഞാൻ ദൃഢമായി വിശ്വസിക്കയും അതു തികച്ചും യഥാൎത്ഥമായി ഭവിക്കുമെന്നാശിക്കയും ചെയ്യുന്നു.

തന്റെ പ്രജകൾക്കു അത്യന്തം പ്രയോജനകരമായി ഭവിക്കണമെന്നുദ്ദേശിക്കപ്പെടുന്ന ഈ പ്രദൎശനം മഹാരാജാവുതിരുമനസ്സിലെ തിരുനാളാഘോഷത്തിന്റെ ഒരു ഭാഗമായിരിക്കുന്നതു അത്യന്തം സമുചിതമെന്നു ഞാൻ വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ സ്വപ്രജകളുടെ ക്ഷേമത്തെക്കാൾ തിരുമനസ്സിലേക്കു പ്രിയതരമായി യാതൊന്നുമില്ലെന്നു എനിക്കറിയാം. പ്രദൎശനത്തിന്റെ വിജയം സകല പ്രതീക്ഷകളെയും അതിശയിക്കുമെന്നും വൎഷങ്ങൾപോകുന്തോറും അതു കൂടുതൽ കൂടുതൽ ആളുകളെ ആകൎഷിക്കുമെന്നും ഞാനാശിക്കുന്നു.

കലാപ്രദർശനം

സമസ്തകേരളസാഹിത്യത്തിന്റെ ഒരു പ്രധാനാംശമായ പ്രദർശനം ഉൽഘാടനം നടത്തിയ കലാമഹാപാഠശാലാദ്ധ്യക്ഷൻ മി. എ. ഗോപാല മേനോൻ മാന്യമഹാശയന്മാരേ, എന്നു സദസ്യരെ അഭിസംബോധനം ചെയ്തുകൊണ്ടുപറഞ്ഞു:—

ശ്രീമാൻ കൃഷ്ണൻതമ്പി അവർകളുടെ സൌജന്യമധുരമായ പൊതുസൽക്കാരത്തിനുശേഷം കാര്യപരിപാടിയിലെ പ്രത്യേകം ഒരംശത്തിലേക്കു നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുകമാത്രമേ എന്റെ കൃത്യംകൊണ്ടു നിവ്വഹിക്കേണ്ടതായിട്ടുള്ളു. പരിഷത്തിന്റെ ഓരോ സമ്മേളനത്തിന്റെയും അംഗമായി സാഹിത്യകലാപ്രദർശനംകൂടി ഒരു പ്രത്യേകചടങ്ങായിതീർന്നിട്ടുള്ളതു അതാതു ദിക്കിന്റെ പ്രത്യേകതയും, ഭാരവാഹികളുടെ സ്വാധീനശക്തിയും കാണിക്കുന്ന ഒരു ഏപ്പാടായിട്ടാണു ഗണിച്ചുപോരുന്നതു. ഞങ്ങൾക്കു ഇക്കാര്യത്തിൽ പ്രത്യേകമായ പരിശ്രമം വേണ്ടിവന്നിട്ടില്ലെന്നല്ല. ഈ ഒരംശം തന്നെയാണു ഞങ്ങളുടെ അതിപ്രധാനമായ പരിശ്രമം. എന്നാൽ ഞങ്ങളുടെ ഉദ്ദേശം മഹത്തായ ഒരു പാരമ്പര്യത്തിൽ അടിയുറച്ചിരിക്കുന്ന നമ്മുടെ സമുദായസംസ്കരണത്തിന്റെ നാനാമുഖങ്ങളെപ്പററി ഇവിടെ സന്നിഹിതരായിട്ടുള്ളവക്കു ജിജ്ഞാസയുണ്ടാക്കുന്നതിനും കേരളീയരുടെ കലാസമ്പത്തിന്റെ സ്മരണ ഈ സന്ദർഭത്തിൽ എപ്പോഴും ഉണ്ടായിരിക്കത്തക്ക ഒരു പരിതസ്ഥിതി സൃഷ്ടിക്കുന്നതിനുമാണു്. ഓരോ കാലഘട്ടവും ഓരോ പ്രത്യേകദേശവും ഒരു പൊതുസ്വത്തിനെ എത്രമാത്രം അഭിവൃദ്ധിപ്പെടുത്തീട്ടുണ്ടെന്നു വേർതിരിച്ചു കാണിക്കുന്നതിനു വേണ്ട ഛായാപടങ്ങളും ഗ്രന്ഥങ്ങളും ശേഖരിക്കുന്നതാണു് ഇങ്ങനെ ഒരു പ്രദർശനത്തിന്റെ പരമോദ്ദേശം. അതു് ഇന്നും സാധിക്കുവാൻ വിഷമമായിരിക്കയാണു്.

കേരളംപോലെ എത്രയും ചെറുതായ ഒരു രാജ്യത്തിനുള്ളിൽ പല രാജ്യങ്ങളിലും ഉണ്ടായിട്ടില്ലാത്ത അത്ഭുതകരമായ വൈചിത്ര്യത്തോടുകൂടി സർവതോമുഖമായ ഒരു കലാസമ്പത്തുണ്ടായിട്ടുണ്ടു്. അതിലേയ്ക്കു് ഓരോ

പ്രദേശവും ഓരോവിധത്തിൽ ഓരോകാലത്തു സഹായിച്ചിട്ടുണ്ടു്. അതുകൊണ്ടു സാഹിത്യപരിഷത്തു ആണ്ടോടാണ്ടു സമ്മേളിക്കുന്ന ഓരോസ്ഥലത്തും ഇപ്രകാരമുള്ള പ്രദർശനങ്ങൾ ഉണ്ടായിരിക്കേണ്ടതു ആവശ്യമാണു്. ഇടപ്പള്ളി, കോഴിക്കോട്ടു്, തലശ്ശേരി, തൃശ്ശൂർ, തിരുവനന്തപുരം മുതലായ സ്ഥലങ്ങൾക്കു സമുദായചരിത്രത്തിൽ പ്രധാനമായ ഓരോ സ്ഥാനമുണ്ടെങ്കിലും പല നാട്ടുവാഴികളും പുരാതനകാലം മുതൽക്കേ സാഹിത്യപരമായും കലാപുഷ്ടിക്കുവേണ്ടിയും സഹായിച്ചു സംരക്ഷിച്ചുപോരുന്ന വിദ്വത്സദസ്സുകളുടേയും വിദ്വാന്മാരുടേയും ആസ്ഥാനങ്ങളായ ഒട്ടനേകം സ്ഥലങ്ങൾക്കു ഇക്കാര്യത്തിൽ ഇവയേപ്പോലെതന്നെ പ്രാധാന്യമുണ്ടു്. ഇവയെല്ലാം ഓരോ കേന്ദ്രത്തിൽ സംഘടിച്ചു പ്രവത്തിക്കുമ്പോഴേ നമ്മുടെ പൊതുസ്വത്തിനേപ്പററി ഏകദേശമായ ഒരു ജ്ഞാനമെങ്കിലും സിദ്ധിക്കുവാൻ സാധിക്കയുള്ളു.

പലേ കേന്ദ്രങ്ങളിൽ മാത്രമല്ല, പല സമുദായങ്ങൾവഴിക്കും പല സന്ദർഭങ്ങൾ അനുസരിച്ചും പല വിഷയങ്ങളും ആസ്പദമാക്കിയും സമ്പാദിച്ചിട്ടുള്ള ഒരു സാഹിത്യസമ്പത്തു ഈ ലോകത്തുള്ള മിക്ക ദേശക്കാക്കും ഉണ്ടായിരിക്കാനിടയില്ല. കുറവൻ പുള്ളോൻ പാണൻതുടങ്ങി ആഢ്യൻനമ്പൂതിരിവരെയുള്ള ഓരോസമുദായത്തിൻെറപ്രത്യേക പാട്ടുകളുണ്ടു്. ശാസ്താവു്, ഭദ്രകാളി, സപ്പങ്ങൾ മുതലായി ഏതു ദേവതയേയും പ്രീതിപ്പെടുത്തുന്നതിനും പാട്ടുവേണം. കുഞ്ഞിനെ ഉറക്കുന്നതുമുതൽ കല്യാണം തിരണ്ടുകുളിമുതലായ ചടങ്ങുകൾക്കും മരിച്ചാൽ കരയുന്നതിനുകൂടി ഓരോരീതി പാട്ടുതന്നെ. ഞാറു നടാനും കൊയ്യാനും മെതിക്കാനും അതിലേക്കു യോജിച്ച പാട്ടുകൾ. ഓണം, തിരുവാതിര, ഭരണി, പൂരം മുതലായ സന്ദർഭങ്ങൾക്കു ചേന്ന പാട്ടുകൾ വേറെ. ഇങ്ങനെ ആഹ്ലാദകരമായ ജീവിതത്തിൻെറ പ്രസരിപ്പും പ്രകൃതിസൗന്ദര്യത്തിൽ മനസ്സു ലയിച്ചു പ്രതിഫലിക്കുന്ന ശബ്ദാത്ഥങ്ങളും ഔചിത്യബുദ്ധിയും ഒരു പ്രത്യേക സമുദായത്തിൻെറ നേരംപോക്കിനായിട്ടല്ല ഓരോ സമുദായത്തിൻേറയും നിത്യസുഖത്തിനായിട്ടുതന്നെ നമ്മുടെ ഈ രാജ്യത്തുണ്ടായിട്ടുള്ളതു് ഇവിടത്തെ സമുദായജീവിതത്തിൻെറ പ്രത്യേകതയ്ക്കു ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്. ഈ പാട്ടുകൾ കഴിയുന്നതു ശേഖ

രിക്കുന്നതിനു ഇനിയും വേണ്ട ശ്രമം തുടങ്ങീട്ടില്ല. കുറേകാലത്തിൻമുമ്പു മി. സി. പി. ഗോവിന്ദപ്പിള്ള മുതലായ ഏതാനുംപേരും മംഗളോദയം കൊച്ചീഭാഷാപരിഷ്കരണക്കമ്മിററി മുതലായ ചില സ്ഥാപനങ്ങളും സംസ്കൃതകാളേജ് പ്രിൻസിപ്പാളായിരുന്ന ശ്രീമാൻ നീലകണ്ഠപ്പിള്ള അവർകളും ഏതാനും പാട്ടുകൾ ശേഖരിച്ചിട്ടുണ്ടായിരുന്നു. മി. നീലകണ്ഠപ്പിള്ള പലതും പാടുന്നതും ഞാൻ കേട്ടിട്ടുണ്ട്. അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതുകൂടാതെ അവയെ സ്വരപ്പെടുത്തിപാടുന്നതിനുകൂടി സൌകര്യം ഉണ്ടാക്കേണ്ടതായിട്ടാണു വന്നിരിക്കുന്നത്. സംഗീതകലാനിധി മുത്തയ്യാഭാഗവതരവർകൾ ഇക്കാര്യത്തിൽ താല്പര്യം പ്രദർശിപ്പിച്ചിട്ടുണ്ട്. സാഹിത്യസംബന്ധമായിട്ടു മാത്രമല്ല, സാമുദായികമായ സ്ഥിതിഗതികളെക്കുറിച്ചും മററും ഇവയിൽനിന്നും കിട്ടാവുന്ന വിവരങ്ങൾ അനവധിയാണ്. എന്നാൽ അതിലേക്കു ഉത്സാഹിക്കുന്നവരുടെ സംഖ്യ തീരെ തുച്ഛം.

ഇവയ്ക്കു പുറമെയാണു ഈ നാട്ടുകളിൽ തമിഴിലും സംസ്കൃതത്തിലും ഉണ്ടായിട്ടുള്ള അതിപ്രധാനങ്ങളായ വ്യാകരണം, തത്വശാസ്ത്രം, മീമാംസ, വൈദ്യം, ജ്യോതിഷം മുതലായ വിജ്ഞാനകലകളും ഗ്രന്ഥങ്ങളും. ഇവ ശേഖരിക്കുന്നതിനു പലരും ശ്രമിച്ചു കൂട്ടത്തിൽ പ്രസാധകന്മാരും തിരുവിതാംകൂർ കൊച്ചി ഗവമ്മെണ്ടുകളും, ഭാഗ്യവശാൽ ഏർപ്പെട്ടതുകൊണ്ടു ഏതാനും ഗ്രന്ഥങ്ങൾ ഇപ്പോൾ എല്ലാവൎക്കും വായിക്കാറായിട്ടുണ്ട്. തിരുവിതാംകൂർ ഗവർമ്മെണ്ടിൻെറ ഗ്രന്ഥപ്രസാധകനായ മഹോപാദ്ധ്യായ സാംബശിവശാസ്ത്രികളും, സംസ്കൃതാദ്ധ്യാപകനായ വെങ്കിട്ടരാമശർമ്മാ അവർകളും ശേഖരിച്ചുവച്ചിട്ടുള്ളവയിൽ ചില ഗ്രന്ഥങ്ങൾ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇവയിൽ ഒരു താളിയോലഗ്രന്ഥം കൊല്ലം 55-ാമാണ്ടിടയ്ക്കു എഴുതിയിട്ടുള്ളതാണ്. ഇങ്ങനെ എത്രയോ ഗ്രന്ഥങ്ങൾ എവിടെയെല്ലാം കിടപ്പുണ്ടെന്നു അറിയാവുന്ന ഓരോരുത്തരും അവയെപ്പററിയുള്ള വിവരം പ്രസിദ്ധം ചെയ്താൽ അവയെകൊണ്ടു ഇപ്പോൾ കാലയാപനം ചെയ്യുന്ന ചിതലിനുമാത്രമെ സങ്കടത്തിനവകാശമുണ്ടാകയുള്ളൂ. കൊട്ടാരം ഗ്രന്ഥപ്പുരയിലും ക്യൂറേററരുടെ ആഫീസിലും ശേഖരിച്ചിട്ടുള്ള ഗ്രന്ഥങ്ങളു

ടെയും വിവരപ്പട്ടിക തയാറാക്കിവരുന്നതുകൂടാതെ ഗ്രന്ഥങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനും പുറംദിക്കിലേക്കയയ്ക്കാതിരിക്കുന്നതിനും മററും പദ്ധതികൾ നിർദ്ദേശിക്കണമെന്നു് ഭാഷാഭിമാനിയും ഉത്സാഹശീലനും ആയ ക്യൂറേററർ അവർകൾക്കു പക്ഷമുണ്ടു്. ഇങ്ങനെയുള്ള വിവരങ്ങൾ മററു ഗ്രന്ഥശാലക്കാരും പരസ്യപ്പെടുത്തിയാൽ, എന്തെല്ലാം, എവിടെയെല്ലാം ഉണ്ടെന്നു മനസ്സിലാക്കാൻ കഴിയും. അപ്പോൾമാത്രമെ ദ്രാവിഡരും ആര്യന്മാരും ചേർന്നു സൃഷ്ടിച്ചിട്ടുള്ള പ്രാചീനഹിന്ദുസംസ്കാരത്തിന് എത്ര മഹത്തായ ഒരു ഭാഗ്യമാണു് നമ്മുടെ പൂർവ്വസ്വത്തു എന്നു നമുക്കു അറിഞ്ഞഭിമാനിക്കാൻ സാധിക്കും. ചിത്രമെഴുത്തു, കൊത്തുവേല, ശില്പവിദ്യ മുതലായ കലകളിൽ ഇവിടെ ഈയിടെ ഉണ്ടായിട്ടുള്ള വളർച്ച തിരുമനസ്സിലെ പ്രത്യേക നിഷ്കർഷയുടെ ഫലമാണു്. ആർക്കിയാളജി ഡിപ്പാർട്ടുമെൻറു മേലധികാരിയായ മി. വാസുദേവപ്പൊതുവാളിന്റെ ഉത്സാഹത്തിൽ സാധിച്ചിട്ടുള്ളതാണു പത്മനാഭപുരം കൊട്ടാരത്തിന്റെ ചുമരിലെഴുതിട്ടുള്ള രണ്ടു മനോഹരരൂപങ്ങൾ. ഒന്നു അർദ്ധനാരീശ്വരനും മറെറാന്നു നടരാജനും ആണു് അദ്ദേഹം വരപ്പിച്ചെടുത്തിട്ടുള്ളതു്. ഇത്തരം വേലയ്ക്കു ഇവിടെ സിദ്ധിച്ചിട്ടുള്ള പ്രശസ്തിക്കു് ഇവ ഉത്തമോദാഹരണങ്ങളാണു്. പ്രദർശനശാലയിൽ ഇവ പ്രത്യേകം കാണേണ്ടതാണു്. ചെങ്ങന്നൂർക്ഷേത്രത്തിലെ കൂത്തമ്പലത്തിന്റെ ഒരു ചെറിയ മാതൃകയും പ്രദർശിപ്പിച്ചിട്ടുണ്ടു്. അണ്ഡാകൃതിയിലുള്ള ഒരു കെട്ടിടം. തൂണുകളിൽ വിളക്കുവച്ചാൽ നിഴൽ എങ്ങും വീശാതെ വെളിച്ചം ഉണ്ടായിരിക്കും. കേരളശില്പികളുടെ സാമർത്ഥ്യവും ശാസ്ത്രജ്ഞാനവും ഉദാഹരിക്കുന്ന മറെറാരു ദൃഷ്ടാന്തമാണതു്. ഇവകൂടാതെ നൃത്തകലകളിലും മററും ഉപയോഗിക്കുന്ന വേഷവിധാനങ്ങൾ, ചരിത്രപ്രസിദ്ധങ്ങളായ ചെപ്പേടുകൾ, പ്രാചീനഗ്രന്ഥങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ, ശിലാശാസനങ്ങളിൽനിന്നെടുത്തിട്ടുള്ള പകർപ്പുകൾ ഇങ്ങനെ പല വസ്തുക്കളും പ്രദർശനശാലയിൽ ഉണ്ടു്. ആട്ടക്കഥയ്ക്കു ശ്രീമാൻ കൃഷ്ണൻതമ്പി അവർകളുടേയും വള്ളത്തോൾ മഹാകവിയുടേയും തോട്ടം പോററി അവർകളുടേയും പരിശ്രമംകൊണ്ടു സിദ്ധിച്ചിട്ടുള്ള പ്രശസ്തിയുംപരിഷ്കാരവും കാണിക്കുന്ന പല പടങ്ങളും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ടു്. വിശേഷിച്ചു വിഖ്യാതനടന്മാരുടെ

നൃത്യപ്രദർശനംതന്നെ എല്ലാദിവസവും ഉണ്ടായിരിക്കയുംചെയ്യും. പല കലകളും മേലാൽ ഇത്തരം അഭിവൃദ്ധി അർഹിക്കുന്നവയായിട്ടുണ്ട്. എന്നാൽ നമ്മുടെ അഭിമാനംകൊണ്ടു നാം അവയെ പുലർത്തി പുറംദിക്കുകളിൽ പ്രചരിപ്പിച്ചാൽ മാത്രമേ മേലാൽ അവയ്ക്കു് ഒരു ഗതിയുള്ളു.

സാഹിത്യകാരന്മാരുടെ പടങ്ങളും പ്രധാനകൃതികളും മുതലായവ കഴിയുന്നതു ശേഖരിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. തുഞ്ചത്തെഴുത്തച്ഛൻമുതൽ സർദാർ കെ. എം. പണിക്കർവരെയുള്ള സമസ്തകേരള സാഹിത്യപ്രമാണികളും പ്രണയികളും ഒന്നിച്ചിരിക്കുന്ന ഒരു സ്ഥലം ഈ സമ്മേളനരംഗംപോലെതന്നെ ആദരണീയവും, വിശിഷ്യപൂജനീയവുമാണല്ലൊ. ഓരോരുത്തരും പരിചയപ്പെടാൻ ആഗ്രഹിക്കുന്ന പല ഗ്രന്ഥകാരന്മാരും വിമർശകരും ചിന്തകന്മാരും ദൈവാനുഗ്രഹംകൊണ്ടു തമ്മിൽ കണ്ടുപരിചയപ്പെടുകയും അടുത്തറിയുകയുംചെയ്യുന്നതിനു ഇവിടെ വേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. കേരളകലകളുടെ ഭാവിശ്രേയസ്സിനു ആലംബമായിട്ടുള്ളതു നാംതന്നെയാണല്ലൊ. അതുകൊണ്ടു നമ്മേത്തന്നേയും പ്രദർശനവസ്തുക്കളായി ഞാൻ ഉൾപ്പെടുത്തിപ്പോയതാണു്."

ശാശ്വതമായ ഒരു സ്ഥാപനം, ഈ പ്രദർശനത്തിൽനിന്നു ഉണ്ടാകത്തക്കവണ്ണം കഴിഞ്ഞയാണ്ടത്തെ പരിഷത്തിലെ അഗ്രാസനാധിപതി പ്രസ്താവിച്ചതിനെ ഈ സന്ദർഭത്തിൽ സ്മരിക്കാതെ നിവൃത്തിയില്ല. അപ്രകാരം ഒരു കലാമന്ദിരത്തിൽ ഗ്രന്ഥശേഖരംചെയ്താൽമാത്രമേ കേരളീയർക്കു സ്വന്തമായിട്ടുള്ള കലകളും ശാസ്ത്രങ്ങളും സംബന്ധിച്ചു പൂർണ്ണമായി അറിവു സമ്പാദിക്കുവാൻ സാധിക്കയുള്ളു. അവിടെയാണു കുശാഗ്രബുദ്ധികളും വിശകലവിചക്ഷണന്മാരും ആയ കർമ്മജ്ഞാനികളുടെ ആവശ്യം. അന്നു പി. കെ., ഉള്ളൂർ, മള്ളൂർ മുതലായവരെപ്പോലെ ലബ്ധപ്രതിഷ്ഠരായ സാഹിത്യനേതാക്കന്മാരും ഗവേഷണപടുക്കളും വിശ്രമസങ്കേതമായി ആശ്രയിക്കത്തക്ക ഒരു ആശ്രമമായിരിക്കാനും ജ്ഞാനസമ്പാദനത്തിനു ഔൽസുക്യമുള്ള ഏതൊരാൾക്കും വിദേശോപദേശത്തോടുകൂടി പഠിക്കുന്നതിനും എഴുതുന്നതിനും സൌകര്യമുണ്ടായിരിക്കണം. അതുവരെ അവിട

വിടെ ഒരുക്കീട്ടുള്ള വിഭവങ്ങൾകൊണ്ടു ആകക്കൂടി ഒരു സ്വരൂപജ്ഞാനം സിദ്ധിക്കുവാനും ഒരു കലാലയത്തിൻെറ ശാശ്വതമായ സ്ഥാപനത്തിനുവേണ്ടി പ്രവത്തിക്കുവാൻ സാഹിത്യബന്ധുക്കളെ പ്രോത്സാഹിപ്പിക്കുവാനും കഴിഞ്ഞേക്കും. ഈ തൊഴിലാളികൾ അറിവിൽപെടുന്ന വിവരങ്ങൾമററു തത്വാന്വേഷകന്മാക്ക് അറിവുകൊടുത്തുകൊണ്ടിരിക്കയും നമ്മുടെ ഗ്രന്ഥസമ്പത്തു പൊതുസ്ഥാപനങ്ങളുടെ സംരക്ഷണത്തിൽ സൂക്ഷിക്കത്തക്ക സഹായം ചെയ്യുകയും ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ സഹകരിച്ചാൽ ഉദ്ദേശിക്കുന്ന രൂപത്തിൽ ഒരു മഹൽ സ്ഥാപനവും സാദ്ധ്യമാകും.

റബ്ബർ.

കെ. ജി. ഉണ്ണിത്താൻ (റബ്ബർ എക്സ്പർട്ട്)

റബ്ബർ അല്ലെങ്കിൽ "ഇൻഡ്യാറബ്ബർ" എന്ന സാധനം, ചില ചെടികളിൽ കണ്ടുവരുന്ന ഒരുതരം പാലിൽനിന്നുംആണ് എടുക്കുന്നതു്. എന്നിരുന്നാലും മുഖ്യമായി "ഹെവിയാ ബ്രസിലിയൻസിസ്" എന്ന മരത്തിൽനിന്നുമാണ് റബ്ബർ എടുത്തുവരുന്നതു്. ഈ മരം തെക്കേഅമേരിക്കയിൽ ബ്രസിൽരാജ്യത്തുള്ള കാടുകളിൽ ധാരാളം വളരുന്നുണ്ടു്. ക്രി: 1493-96-ൽ കൊളംബസ് അമേരിക്കയിൽ പോയപ്പോൾ ഹയിററിദ്വീപുവാസികൾ റബ്ബർകൊണ്ടുണ്ടാക്കപ്പെട്ട ഒരുതരം പന്തു് ഉപയോഗിച്ചിരുന്നതു കണ്ടതായി രേഖയുണ്ട്. അതിനുശേഷം സ്പെയിൻകാർ ഈ റബ്ബർകറ പുരട്ടി ഉണക്കിയ കുപ്പായം ധരിച്ചിരുന്നതായും അറിവുണ്ട്. അതിനുശേഷം പല യൂറോപ്യന്മാരും ആമസോൺതീരങ്ങളിൽ വളരുന്ന ഈ മരത്തിൻെറ വിശേഷത്തെപ്പററി രേഖപ്പെടുത്തിയിട്ടുണ്ട്. കൊളംബസ് കണ്ട ആളുകൾ ഇൻഡ്യാക്കാരാണ് എന്നു് തെററിദ്ധരിച്ചതിനാലാണ് ആ വകക്കാർ ഉപയോഗിച്ചിരുന്ന റബ്ബറിനു ഇൻഡ്യാറബ്ബർ എന്ന പേർ വന്നതു്. റബ്ബർ എന്ന പേർതന്നെ വന്നതിനുകാരണം, അതുകൊണ്ടു ഉരച്ചു് പെൻസിൽ അടയാളങ്ങൾ മുതലായവ മായിക്കാവുന്നതുകൊണ്ടാണ്.

ഗ്രോസ്സാർ എന്ന ഫ്രഞ്ചുകാരൻ ആദ്യമായി റബ്ബർട്യൂബ് ഉണ്ടാക്കി. തോമസ് ഹാൻകോക്ക് എന്നയാൾ 1820-ൽ റബ്ബറിനെ അരച്ചാൽ അതു മാർദ്ദവമാകുമെന്നും അപ്പോൾ മററു സാധനങ്ങൾകൂടി ചേർക്കാമെന്നും കണ്ടുപിടിച്ചു. എന്നാൽ ചാറത്സ് ഗുഡിയർ ആണു് "വൾക്കനൈസ്" ചെയ്യാൻ ആദ്യം മനസ്സിലാക്കിയതു്. ഈ പാകരീതിയാണു റബ്ബറിനു അതിന്റെ പല അത്ഭുതവിശേഷങ്ങളെയും കൊടുക്കുന്നതു്. റബ്ബറിന്റെ കൂടെ ഗന്ധകം ചേർത്തു ചൂടുപിടിപ്പിക്കുന്ന ഒരു രീതിക്കാണു് "വൾക്കനൈസ്" ചെയ്യുക എന്നുപറയുന്നതു്. ഗുഡിയർ ഈ വിദ്യ യദൃച്ഛയാലാണു കണ്ടുപിടിച്ചതു്. പിന്നീടു പലരും പലവിധമായ രീതികളും കണ്ടുപിടിച്ചുഎങ്കിലും അതിലേററവും പ്രധാനമായതു് "ന്യൂമാററിക്ക്" ടയറാണു്. 1888-ൽ ഒരു മൃഗവൈദ്യനായിരുന്ന ജെ. ബി. ഡൺലപ്പാണ് ഇതു ഉണ്ടാക്കിയതു്. ആദ്യമായി ഇത്തരം കാററുനിറയ്ക്കാവുന്ന മോട്ടാർടയർ ഉപയോഗിച്ചതു 1895—ലാണു്.

1876-ൽ വിക്കാം എന്നയാൾ ആമസോൺതീരത്തിൽനിന്ന് 70,000 റബ്ബർകുരുക്കൾ ശേഖരിച്ചു ഇംഗ്ലണ്ടിൽ കൊണ്ടുവന്നു. അതിൽ 2000 ചെടികൾ "ക്യൂഗാർഡൻസി"ൽ കിളിപ്പിച്ചു് അവയെ സിലോണിലേക്കയച്ചു. ഈ ചെടികളിൽനിന്നാണു് ഇന്നു കാണുന്ന വലിയ തോട്ടങ്ങൾ ഉത്ഭവിച്ചതു്. 1933-ൽ ആകെക്കൂടെ 800,000 ടൺ റബ്ബർ തോട്ടങ്ങളിൽനിന്നും ഉണ്ടായിട്ടുണ്ടു്. തിരുവിതാംകൂറിൽതന്നെ ഉദ്ദേശം 12,000 ടൺ ഉണ്ടാക്കാമെങ്കിലും, അതിൽ വളരെ കുറവേ ഉണ്ടാക്കുന്നുള്ളു. അതിനു കാരണം ചില പ്രത്യേക നിയമങ്ങളാണ്. 1929-ൽ റബ്ബറിന്റെ വില തീരെ ഇടിയുകയാൽ അതു വർദ്ധിപ്പിക്കാൻ ഉണ്ടാക്കിയതാണു് ഈ നിയമം.

റബ്ബർ എന്ന സാധനം "കാർബൺ," "ഹൈഡ്രജൻ" എന്നീരണ്ടും ചേർന്ന ഒരു "ഹൈഡ്രോ കാർബൺ" ആണു്. വൾക്കനൈസ്ചെയ്യാത്ത റബ്ബർ വേഗത്തിൽ രൂപാന്തരപ്പെട്ടുപോകും. അതിനാലാണ് റബ്ബറിൽ പലവിധ മരുന്നുകൾ ചേർക്കുന്നതു്. റബ്ബറിന്റെ പല വിശേഷങ്ങളിൽ ഏററവും മുഖ്യമായതു് അതു വലിച്ചാൽ നീളും എന്നുള്ളതാണു്. മാത്രമല്ല

അതിനു നല്ല ബലവുമുണ്ട്. വേറെ ഒരു വിശേഷം റബ്ബർ വലിച്ചു നീട്ടുംതോറും അതിനു ബലം വർദ്ധിക്കും എന്നുള്ളതാണ്. ചിലമാതിരി റബ്ബർ ഇരുമ്പിനോടു സമം ബലം ഉള്ളതായി കാണപ്പെടുന്നു. പലവിധ ഉപയോഗങ്ങൾക്കും കൊള്ളിക്കാവുന്നതിന് റബ്ബറിനെ പ്രത്യേകരീതിയിൽ പാകപ്പെടുത്താനുണ്ട്. മഴക്കോട്ട് ഉണ്ടാക്കാൻ റബ്ബറിനെ ചില പെട്രോൾ മാതിരി ദ്രാവകങ്ങളിൽ കലക്കി തുണിമേൽ യന്ത്രസഹായത്താൽ പുരട്ടി വൾക്കനൈസ് ചെയ്യുന്നു.

റബ്ബർ ഒരു നല്ല ഇൻസുലേററർ ആയതിനാൽ അതിനെ വിദ്യുച്ഛക്തി പായുന്ന കമ്പികൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ഈ എബനൈററ് അല്ലെങ്കിൽ വൾക്കനൈററ് എന്ന സാധനവും റബ്ബറിന്റെ ഒരു വകഭേദമാണ്. ഈ മാതിരി വ്യത്യാസപ്പെടാൻ കാരണം എബനൈററിൽ ഗന്ധകം വളരെക്കൂടുതൽ ഉണ്ട് എന്നുള്ളതാണ്. എബനൈററിനെ പലവിധമായ സാമാനങ്ങൾ നിർമ്മിക്കുവാനും ഉപയോഗപ്പെടുത്തുന്നു.

റബ്ബർ മരത്തിൽ നിന്നു എടുക്കുന്നതാണ് എന്ന് പറഞ്ഞല്ലോ. സാധാരണയായി ആ പാൽ ശേഖരിച്ച് വലിയ തൊട്ടികളിലാക്കി ആസിഡ് ഒഴിക്കുന്നു. അപ്പോൾ പാൽ പിരിയുന്നമാതിരി അതും പിരിയുന്നു. അതിൽ കട്ടിയായിട്ടുള്ള ഭാഗം എടുത്തു കഴുകിവൃത്തിയാക്കി ഉണക്കുന്നു. ഉണക്കുന്നരീതി രണ്ടുവിധത്തിലാണ്. അധികം പേരും അതിനെ പുകയത്തു് വച്ച് ഉണക്കുന്നു. ചിലർ യന്ത്രസഹായത്തോടെ അതിനെ ഘനം കുറഞ്ഞ ഷീററാക്കി ഉണക്കുന്നു. ഇതിൽ ആദ്യം പറഞ്ഞരീതിയിൽ ഉണക്കുന്നതു് കറുത്തും, രണ്ടാമതുപറഞ്ഞരീതിയിൽ എടുക്കുന്നത് വെളുത്തും ഇരിക്കുന്നു. ഇതിൽ കറുത്ത മാതിരി റബ്ബർ, ടയർ മുതലായ സാധനങ്ങൾക്കും, വെളുത്ത മാതിരി (ക്രേപ്പ്) നിറം പിടിപ്പിക്കുന്ന സാധനങ്ങൾക്കും ഉപയോഗിക്കുന്നു.

റബ്ബർ ഒരു ഫാക്ടറിയിൽ വന്നാലുടൻ അതിനെ തൂക്കി കണക്കിനെടുത്തു് വലിയറോളറുകളിൽ ഇട്ട് അരയ്ക്കുന്നു. ഇതിനിടയ്ക്ക് അതു് മാർദ്ദവമുള്ളതായിത്തീരാനായി എണ്ണ മുതലായ ചില സാധനങ്ങൾ ചേർക്കും. അതി

നശേഷം ചില മരുന്നുകൾ പൊടി രൂപത്തിൽ ആ അരച്ചറബ്ബറിനോട്ട് ചേൎക്കും. കൂടാതെ ചിലപ്പോൾ വില കറയ്ക്കാനായി ചീനക്കളിമണ്ണ് ചാക്ക് മുതലായവ ചേൎക്കുകയും പതിവുണ്ട്. ഇവ ചേൎത്ത് നല്ലവണ്ണം അരച്ചശേഷം നിറം മുതലായവ ചേൎക്കുകയും ഒടുവിൽ ഗന്ധകം ചേൎക്കുകയും ചെയ്യുന്നു. എല്ലാ റബ്ബർസാമാനങ്ങളിലും ഗന്ധകം ചേരും. ഈ മാതിരി അരച്ചശേഷം അതിനെ യന്ത്രസഹായത്താൽ ഷീററാക്കുകയോ മററു വിധത്തിൽ ട്യൂബുകൾ ടയറുകൾ എന്നിത്യാദി ഉണ്ടാക്കുകയോ ചെയ്യുന്നു. ഏതു സാധനം ഉണ്ടാക്കിയാലും അതു് വൾക്കനൈസ് ചെയ്യേണ്ടതത്യാവശ്യമാണു്. അതായതു് ഈ മരുന്നുകൾ ചേൎത്ത റബ്ബറിനെ ഉദ്ദേശം 120 ഡിഗ്രി സെൻറിഗ്രേഡ് മുതൽ 150 ഡിഗ്രി സെൻറിഗ്രേഡ് വരെ ചൂടിൽ കാൽ മണിക്കൂർ മുതൽ അരമണിക്കൂർവരെ ചൂടുപിടിപ്പിക്കുക. ചില പ്രത്യേക മരുന്നുകൾ ചേൎത്താൽ ഇതിൽ വളരെ കുറവു് ചൂടുതട്ടിയാലും വൾക്കനൈസ് ചെയ്യും. ഈ മാതിരി സമയം കുറഞ്ഞും ചൂടുകുറഞ്ഞും വൾക്കനൈസ് ചെയ്യാൻ സഹായിക്കുന്ന മരുന്നുകളെ "ആക്സിലറേററർ" എന്നു പറയുന്നു. സാധാരണ റബ്ബർ എളുപ്പത്തിൽ തേയുന്ന ഒരു സാധനം ആയതിനാൽ ടയർ മുതലായവ ഉണ്ടാക്കാനായി പ്രത്യേകമരുന്നുകൾ ചേൎക്കേണ്ടതാണു്. ഇങ്ങനെ തേയ്മുകുറക്കാൻ ഉപയോഗിക്കുന്നതിൽ പ്രധാനമായതു് "കാർബൺബ്ലാക്ക്" ആണ. ഇതു് കരിയുടെ ഒരു വകഭേദം ആണു്.

ബലൂൺ, കൈയുറ മുതലായ ഘനംകുറഞ്ഞസാധനങ്ങൾ ഒരുവക റബ്ബർ സൊല്യൂഷനിൽ മുക്കി ഉണക്കി വൾക്കനൈസ് ചെയ്താണ ഉണ്ടാക്കുന്നതു്. ഇപ്പോൾ "ലേറക്സ്" അതായതുറബ്ബർകറ, നേരിട്ടു ഉപയോഗിച്ചു പല സാധനങ്ങളും ഉണ്ടാക്കിവരുന്നുണ്ടു്. അങ്ങിനെ ചെയ്യുന്നപക്ഷം കറയെ കട്ടിയായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ചെലവില്ലല്ലോ. എന്നാൽ ആ മാതിരി ഉപയോഗിക്കുന്നതിനു വളരെ പ്രതിബന്ധങ്ങൾ ഉള്ളതിനാൽ അതു വളരെ സാധാരണയായിട്ടില്ല. എങ്കിലുംകൂടുതൽപ്രായോഗികമാവുന്നമട്ടാണ കാണുന്നതു്. കൂടാതെ എല്ലാ സാധനങ്ങളും "ലേറക്സിൽനിന്നും ഉണ്ടാക്കാൻ ഒക്കുകയുംഇല്ല. ടയർ മുതലായ സാമാനങ്ങൾ എന്നും കട്ടിയായ റബ്ബറിൽനിന്നു മാത്രമെ ഉണ്ടാക്കാൻ സാധിക്കയുള്ളു. മുൻപറഞ്ഞ

രീതിയിൽ ബലൂൺ, കയ്യുറ, ഗർഭനിയന്ത്രണസഹായികൾ മുതലായ ചില സാമാനങ്ങളും മഴക്കോട്ടുകൾ മുതലായവ ഉണ്ടാക്കുന്നതിനുള്ള തുണിത്തരങ്ങളും ആണ് ഇതിൽനിന്നും മുഖ്യമായി ഉണ്ടാക്കപ്പെടുന്നത്.

റബ്ബറിന്റെ ഉപയോഗങ്ങൾ വർദ്ധിക്കുന്നതെയുള്ളു. ഇപ്പോൾ പലയിടങ്ങളിൽറോഡുകൾ ഉണ്ടാക്കുന്നതിനും റബ്ബർ ഉപയോഗിക്കുന്നുണ്ട്. എന്നാൽ സാധാരണ റബ്ബറിന്റെ ഒരു എതിരാളിയോ എന്നു തോന്നുമാറ് കൃത്രിമ റബ്ബർ ഇപ്പോൾ ആവിർഭവിച്ചിട്ടുണ്ട്. അതു മുഖ്യമായി ജർമ്മനിയിലും, റഷ്യയിലും, അമേരിക്കയിലുമാണ് കൂടുതൽ ഉണ്ടാക്കപ്പെടുന്നതു്. ഈ സാധനത്തിൻ സാധാരണ റബ്ബറിനില്ലാത്ത ചില ഗുണങ്ങളുള്ളതിനാൽ ചില പ്രത്യേക ആവശ്യങ്ങൾക്കായി ഇതു് ഉപയോഗപ്പെടുത്തുന്നു. പക്ഷെ കൃത്രിമ റബ്ബർ യുദ്ധസമയങ്ങളിലേക്കായി പ്രത്യേകം ചില രാജ്യങ്ങളിൽ കരുതുന്നുണ്ട്. കൂടാതെ റബ്ബറിന്റെ വില വർദ്ധിച്ചാൽ ആ കാരണത്താലും കൃത്രിമറബ്ബർ ഉണ്ടാക്കാനായി ചിലർ ഉദ്യമിച്ചേക്കാം. കൽക്കരിയിൽനിന്നും എടുക്കുന്ന ചില സാധനങ്ങളാണ് കൃത്രിമറബ്ബർ ഉണ്ടാക്കാൻ ഉപയോഗിക്കുന്നതു് എന്നും ഈ അവസരത്തിൽ പ്രസ്താവിക്കാം.

ഇങ്ങനെയൊക്കെ അത്ഭുതകരമായിട്ടുള്ള ഈ റബ്ബർ നമ്മുടെ നാട്ടിൽ വളർത്തുന്ന മരങ്ങളിൽനിന്നും ലഭിക്കുന്നു എന്നതു നമുക്കു അഭിമാനകരംതന്നെ. എന്നാൽ ഇതിന്റെ അമിതമായ വിലവർദ്ധനവ് ഒടുവിൽ അനാശാസ്യമായ പല അനുഭവങ്ങൾക്കും ഇടയാക്കിയേക്കും എന്നും പറയുന്നതു വാസ്തവംതന്നെ.

ചിട്ടികളും തിരുവിതാംകൂറും

(എൻ. കെ. കൃഷ്ണപിള്ള)

തിരുവിതാംകൂറിലെ ധനപരമായ പരിശ്രമങ്ങളിൽ ചിട്ടികൾക്കുള്ള സ്ഥാനം എത്ര നിസ്തുലമായിരുന്നുവെന്നു് ഇവിടത്തെ സാമ്പത്തികചിന്തകന്മാർ ആരെങ്കിലും ഗൗരവമായി ചിന്തിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അടുത്ത കാലങ്ങളിൽ പ്രസിദ്ധം ചെയ്തിട്ടുള്ള ചില കമ്മിററി റിപ്പോർട്ടുകളും, അവയെ തുടർന്നുണ്ടായിട്ടുള്ള വാദഗതികളും അഭിപ്രായഗതികളും നിയമനിർമ്മാണപരിശ്രമങ്ങളും പരിശോധിക്കുന്നതായാൽ തിരുവിതാംകൂറിലെ ചിട്ടിപ്രസ്ഥാനം നാട്ടിനു നാശോന്മുഖമായ ഒന്നാണെന്നൊരു അഭിപ്രായം പല പ്രമാണികളിലും വേരൂന്നിയിട്ടില്ലയോ എന്നും സംശയമുണ്ട്. എന്തായാലും ചരിത്രാതീതമായ കാലംമുതൽ പ്രചാരത്തിലിരിക്കുന്ന ഈ പ്രസ്ഥാനത്തിനു പ്രോത്സാഹനത്തിനുപകരം പ്രതിരോധനമാണു് അടുത്തകാലങ്ങളിൽ പ്രാമാണികന്മാരിൽനിന്നും സിദ്ധിച്ചിട്ടുള്ളതു് എന്നു നിസ്സംശയം പറയാവുന്നതാണ്. അതിന്റെ ന്യായാന്യായതയെപ്പററി ഇവിടെ ചർച്ചചെയ്യുന്നില്ല. എന്നാൽ ഈ പ്രസ്ഥാനത്തിന്റെ പുരാതനമായ പാരമ്പര്യത്തെയും മഹനീയമായ പ്രയോജനത്തെയും അത്ഭുതകരമായ വൈപുല്യത്തെയും ഒരിക്കലും വിഗണിക്കുവാൻ സാദ്ധ്യമല്ല.

ബാങ്കിങ്ങന്വേഷണക്കമ്മിററിക്കാരുടെ റിപ്പോർട്ടനുസരിച്ചു ൧൧൦൫-ാമാണ്ട് അവസാനത്തിൽ തിരുവിതാംകൂറിൽ ആകെ രണ്ടരക്കോടിരൂപ മുതലുള്ള ചിട്ടികളാണു നടന്നുകൊണ്ടിരുന്നതു്. ഇവയിൽ പ്രതിദിനച്ചിട്ടി, പ്രതിവാരച്ചിട്ടി, പ്രതിപക്ഷച്ചിട്ടി, പ്രതിമാസച്ചിട്ടി, ദ്വൈമാസികച്ചിട്ടി, ത്രൈമാസികച്ചിട്ടി, അർദ്ധവർഷച്ചിട്ടി, പ്രതിവർഷച്ചിട്ടി ഇങ്ങനെ ഒരുമാസം മുതൽ അറുപതുവർഷംവരെ കാലാവധിയുള്ള പലതരം ചിട്ടികൾ ഉൾപ്പെട്ടിരുന്നു. അതിനാൽ ഒരാണ്ടിൽ ഏകദേശം ഏഴുകോടി രൂപയുടെ ഇടപാടുകൾ എല്ലാ ചിട്ടികളിലുമായി അക്കാലത്തു നടന്നുകൊണ്ടിരുന്നു എന്നു

അനുമാനിക്കാവുന്നതാണ്. തിരുവിതാംകൂറിൽ അന്നുണ്ടായിരുന്ന ൫൯൭ ബാങ്കുകളിലുംകൂടി ആകെ ഉണ്ടായിരുന്ന പ്രവർത്തനധനം ൫൪൩ ലക്ഷം രൂപയായിരുന്നു. സഹകരണപ്രസ്ഥാനത്തിലെ അന്നത്തെ ൫൭ സംഘങ്ങളിലുംകൂടി ആകെയുണ്ടായിരുന്ന പ്രവർത്തനധനം ൭൪ ലക്ഷം രൂപയുമായിരുന്നു. അങ്ങനെ ബാങ്കുകളിലും സഹകരണസംഘങ്ങളിലുംകൂടി ആകെ ഏകദേശം രണ്ടുകോടി രൂപയേ ഉണ്ടായിരുന്നുള്ളു. എന്നാൽ ചിട്ടി പ്രസ്ഥാനംതന്നെ ഒരു തവണയ്ക്കു രണ്ടരക്കോടിരൂപ, ഒരാണ്ടിൽ കുറഞ്ഞ പക്ഷം ഏഴുകോടിരൂപ ആയിരുന്നു സ്വരൂപിക്കുകയും വിതരണംചെയ്കയും ചെയ്തുകൊണ്ടിരുന്നതു. അന്നു നടപ്പിലിരുന്ന രജിസ്റ്റർ ചെയ്ത ചിട്ടികൾതന്നെ ൯൯൫൫ ആയിരുന്നു. ഇവയെല്ലാം ഓരോ ചെറുകർഷക ബാങ്കുകളായിരുന്നു.

എന്നാൽ സാമ്പത്തികാധഃപ്പതനവും, തിരുവിതാംകൂറിനു പ്രത്യേകമായുള്ള നിസ്സീമമായ നിയമവിളംബവും, ദൂഷ്യനിവാരണോപായങ്ങളെപ്പററിയുള്ള ചിന്തകളും ശ്രമങ്ങളും സംജാതമാക്കിയ സാമ്പത്തിക സ്തംഭനവും ഈ ചിട്ടികൾ പലതിനേയും സ്തംഭിപ്പിച്ചു. പ്രതിവർഷം ഏഴുകോടി രൂപയുടെ പണമിടപാടുകൾ നടത്തിക്കൊണ്ടിരുന്ന ഒരു പ്രസ്ഥാനം പെട്ടെന്നു നിർജ്ജീവമായാൽ ഒരു നാട്ടിനുണ്ടാകുന്ന ദുരവസ്ഥ എത്രഭയങ്കരമെന്നു പറയാനില്ലല്ലോ. ഒരുദ്ദേശക്കണക്കു പറഞ്ഞാൽ ഏകദേശം ൫൭ കോടി രൂപ ഈ നാട്ടിലെ ചിട്ടിമുമ്പന്മാർക്കു പിരിഞ്ഞുകിട്ടാനും പത്തുകോടിരൂപ അവർ കൊടുത്തുതീർക്കാനുമുണ്ടായിരിക്കണം. ഈ നാട്ടിലെ ഏററവും വമ്പിച്ചതും ഏതു കുഗ്രാമത്തിലും ഏതു സാധുഭവനത്തിലും കൂടി പ്രചുരമായ പ്രചാരം സിദ്ധിച്ചിട്ടുള്ളതും ആയ ഈ സാമ്പത്തികപ്രസ്ഥാനത്തെ സംബന്ധിച്ചു പോലും ശരിയായ കണക്കുകൾ ശേഖരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാതെയാണല്ലോ ഈ ഇരുപതാംശതകത്തിലും നാം കഴിയുന്നതെന്നുള്ളതു" ഏററവും നിർഭാഗ്യകരമായ ഒരു അവസ്ഥയാകുന്നു.

ഈ പ്രസ്ഥാനത്തിന്റെ പ്രയോജനത്തെ സംബന്ധിച്ച് അധികമൊന്നും പറയേണ്ട ആവശ്യമില്ല. ഇതിന്റെ അത്യധികമായ പ്രചാരംതന്നെ

അതിൻെറ നിസ്സീമമായ പ്രയോജനത്തിനു സാക്ഷ്യം വഹിക്കുന്നു. പണം സമ്പാദിക്കാൻ ആഗ്രഹിക്കുന്നവരെ നിർബന്ധിച്ചു സമ്പാദിപ്പിക്കുന്നതിനും, പണം കടം വാങ്ങേണ്ട ആവശ്യമുള്ളവർക്കു യാതൊരു ശുപാർശയും സ്വാധീനവും കൂടാതെ വേണ്ട ജാമ്യം കൊടുക്കാൻമാത്രം തയാറായാൽ നിഷ്പ്രയാസം കടം കിട്ടുന്നതിനും ഇത്രയും ഉപകരിക്കുന്ന ഒരു പ്രസ്ഥാനം വേറൊന്നില്ല. തിരുവിതാംകൂറിലെ ബഹുലക്ഷം കൃഷിക്കാരേയും കച്ചവടക്കാരേയും വ്യവസായികളേയും ഉദ്യോഗസ്ഥന്മാരേയും മററുതൊഴിൽകാരേയും ആണു ഈ പ്രസ്ഥാനം സഹായിച്ചുകൊണ്ടിരിക്കുന്നതു്. ഇരുപതു മുതൽ അഞ്ഞൂറുവരെ ചിററാളന്മാരുണ്ടായിരുന്ന ൯൯൱൫ രജിസ്റ്റർ ചിട്ടികളും, ഇരുപതു മുതൽ നൂറുവരെ ചിററാളന്മാരുണ്ടായിരുന്ന പതിനയ്യായിരത്തോളം രജിസ്റ്റർ ചെയ്യാത്ത ചിട്ടികളും നൂറുമുതൽ ആയിരംവരെ ചിററാളന്മാരുണ്ടായിരുന്ന നൂറിൽപരം ലാട്ടറിച്ചിട്ടികളും ആയിരുന്നു 1104-ാമാണ്ടിവിടെ ഉണ്ടായിരുന്നതു്. അതിനാൽ ശരാശരി ഒരു ചിട്ടിക്കു ആകെ അൻപതു ചിററാളൻ എന്നു കണക്കാക്കിയാൽപോലും പന്ത്രണ്ടര ലക്ഷം ചിററാളന്മാർ തിരുവിതാംകൂർചിട്ടികളിൽ ബന്ധിച്ചിരുന്നു എന്നു കാണാവുന്നതാണു്. ഒരാൾതന്നെ രണ്ടും മൂന്നും നാലും ചിട്ടികളിൽ ചേരുക സാധാരണമാണു്. അതിനാൽ ഏകദേശം അഞ്ചുലക്ഷം ആളുകൾ ഈ ചിട്ടികളിൽ ഉൾപ്പെട്ടിരുന്നു എന്നു അനുമാനിക്കാവുന്നതാണു്. ഒരു രാജ്യത്തെ ജനസംഖ്യയുടെ പത്തുശതമാനത്തിൽ കൂടുതൽ ആളുകളെ, അതായതു ഒരു നാട്ടിൽ സജീവപ്രവർത്തനത്തിലിരുന്ന മിക്കവാറും സകലമാനപേരെയും, നിഷ്പ്രയാസം, മററാരുടേയും പ്രേരണയൊന്നുംകൂടാതെ, ധനസമ്പാദനത്തിനും കടം വീട്ടുന്നതിനും തൊഴിൽ നടത്തുന്നതിനും ഉള്ള ആഗ്രഹത്താൽ മാത്രം ആകർഷിച്ചുകൊണ്ടിരുന്ന ഈ പ്രസ്ഥാനത്തിൻെറ പ്രയോജനം എത്ര നിസ്തുലമെന്നു പറയാനില്ലല്ലോ. അഞ്ചുലക്ഷത്തിൽ കുറയാതെ ആളുകൾചേർന്നു ഏഴുകോടിയിൽപരംരൂപ, അത്യാവശ്യക്കാരുടെയിടയിൽ പ്രതിവർഷം വിതരണം ചെയ്തുകൊണ്ടിരുന്ന ചിട്ടിപ്രസ്ഥാനമായിരുന്നു തിരുവിതാംകൂറിനെ ഇന്നത്തെനിലയിൽ ആക്കിയതു്.

1104-ാമാണ്ടിനുമുമ്പുള്ള പത്തുവർഷത്തെ കണക്കുനോക്കിയാൽ കച്ചവടം ഏകദേശം ഇരട്ടിച്ചു. നാലരലക്ഷത്തോളം ഏക്കർ സ്ഥലം കൂടുതൽ കൃഷിക്കധീനമായി. അനേകംകോടിരൂപയ്ക്കുള്ള പുതുകൃഷികൾ നടത്തുകയും പുതിയ വ്യവസായങ്ങൾ തുടങ്ങുകയുംചെയ്തു. ഇവയ്ക്കൊന്നിനും പുറമേനിന്നു പണം വന്നില്ല. സ്വത്തിന്റേയും, കൃഷിവാണിജ്യവ്യവസായാദികളുടേയും അസാധാരണമായ ഈ വർദ്ധനവിനും തിളപ്പിനും സഹായിച്ച പ്രസ്ഥാനം ചിട്ടി മാത്രമായിരുന്നു. മററു ഭാരതീയരാജ്യങ്ങളെ അപേക്ഷിച്ചു തിരുവിതാംകൂറിനു ഏതെങ്കിലും മെച്ചമുണ്ടായിട്ടുണ്ടെങ്കിൽ അതിനു പകരിച്ച ഏകപ്രസ്ഥാനവും ചിട്ടിയാണ്. ഗവണ്മെൻറാ, വിദേശബാങ്കുകളൊ ഇവിടെ കൂടുതൽ ധനം വിതരണംചെയ്തില്ല. കുറേ വിദേശികൾ സ്വന്തമായി ഭൂമി കരസ്ഥമാക്കി കൃഷിചെയ്തുയും, കുറേ വിദേശവ്യാപാരികൾ ഇവിടുത്തെ കൃഷിക്കാരെയും വ്യവസായികളേയും ചൂഷണംചെയ്തുയും ചെയ്തിട്ടുണ്ടെന്നല്ലാതെ മററൊരുസ്ഥാനവും അവർ വഹിച്ചിട്ടില്ല. തിരുവിതാംകൂറിന്റെ സർവ്വശ്രേയസ്സിനും അവലംബമായിരുന്ന ഏകധനവിതരണപ്രസ്ഥാനം ചിട്ടിമാത്രമായിരുന്നു.

പണവ്യാപാരികളെയോ, ഉണ്ടികക്കട, ബാങ്കു, സഹകരണസംഘം എന്നിസ്ഥാപനങ്ങളെയോ സമീപിച്ചാൽ അവക്കെല്ലാം പ്രവൎത്തനധനം വളരെ പരിമിതമാകകൊണ്ടു ചോദിക്കുന്നവക്കെല്ലാം വായ്പകിട്ടുകയില്ല. പല ജ്ജാമ്യപാർശ്വകളും ശക്തികളും സ്വാധീനങ്ങളും ഉള്ള ആളുകൾക്കുമാത്രമേ ഇക്കാലത്തുപോലും പണം കടംവാങ്ങാൻ സാധിക്കയുള്ളു. എന്നാൽ ചിട്ടിയിൽ ആൎക്കുംഎവിടെയും ചേരാം, ചിട്ടിപിടിക്കാം, ജാമ്യംകൊടുത്താൽ മുന്നാം പണംകൊടുത്തേതീരൂ എന്നു നിർബന്ധവുമുണ്ടു്. ഇത്ര സൗകര്യമായും ഇഷ്ടംപോലെയും സ്വാതന്ത്ര്യമായും കടംവാങ്ങാൻ സൗകര്യമുള്ള ഒരു ഏൎപ്പാടു ഈചിട്ടിയല്ലാതെ മററൊന്നും ഇതുവരെ ലോകത്തിലാരും കണ്ടുപിടിച്ചിട്ടുള്ളതായി കാണുന്നില്ല. അതു കേരളത്തിനു് എന്നല്ല തിരുവിതാംകൂറിനുപ്രത്യേകമായുള്ള ഏററവും പ്രധാനമായ ഒരു പ്രസ്ഥാനമാണു്.

എത്ര പാവപ്പെട്ടവന്റെയും എത്ര കുഴഞ്ഞുനില്ക്കുന്നവന്റെയും കൂടെ ചിട്ടി ചേരുന്നതിനും അവരെ വിശ്വസിച്ചു ചിട്ടിപ്പണം ഏൾപ്പിക്കുന്ന

തിനും തിരുവിതാംകൂറിൽ സാമാന്യക്കാരിൽ ആക്കും മടിയില്ല. എത്ര കുഴഞ്ഞുനില്ക്കുന്ന ബാങ്കിനും ഒരുവിധം ചിട്ടിക്കാളെകിട്ടും. അതായതു ചിട്ടി ചേരുകയും ചിട്ടിപ്പണം അടയ്ക്കുകയും ചെയ്യുക എന്നുള്ളതു നമ്മുടെയിടയ്ക്കു സർവ്വസാധാരണമായ ഒരു ചടങ്ങായിതീൎന്നിട്ടുണ്ട്.

ഇപ്രകാരമുള്ള ചിട്ടികൾ മുതലിച്ചു പണക്കാരായിട്ടുള്ളവരും, ചിട്ടികളിൽചേൎന്നു പണം സമ്പാദിക്കാൻ സാധിച്ചിട്ടുള്ളവരും ഈ നാട്ടിൽ പലരുണ്ട്. അതുപോലെ ചിട്ടികൾ മുതലിച്ചു കുഴഞ്ഞു പാപ്പരായിട്ടുള്ളവരും ഇല്ലാതില്ല. എന്നാൽ ചിട്ടികളിൽചേൎന്നു പണംകിട്ടാതെ പാപ്പരായിട്ടുള്ളവർ ആരുമുണ്ടായിരിക്കയില്ല. താൻ വിഷമിച്ചു സമ്പാദിച്ച പണം കിട്ടാതെ ക്ലേശിക്കുന്നവർ ഉണ്ട് എന്നല്ലാതെ അതുകൊണ്ട് അവർ അസ്തമിക്കാനിടയായിട്ടില്ല. നേരെമറിച്ചു ചിട്ടികൾ മുതലിച്ചു കുഴഞ്ഞിട്ടുള്ളവരും സർവ്വധനശക്തിയും നശിച്ചിട്ടുള്ളവരും വളരെയാണ്. എങ്കിലും സാധു ചിററാളനെ പിഴിഞ്ഞെരിച്ചു പണമുണ്ടാക്കുന്നവരായിട്ടാണു മുതലാളന്മാരെപ്പററി പല പ്രാമാണികന്മാരും ഗണിച്ചിരിക്കുന്നത്. ഇതു വെറും അബദ്ധമായ ധാരണയാകുന്നു. ചിട്ടികൾ നടത്തിവിഷമിക്കാത്തവരൊ, തങ്ങൾക്കു കിട്ടാനുള്ളതു ന്യായമായ പലിശവാങ്ങിയും പലിശ മുഴുവൻ ഉപേക്ഷിച്ചും കുടിശ്ശികക്കാരായി ചിട്ടിയെ വിഷമിപ്പിച്ചിട്ടുള്ള ചിററാളനിൽനിന്നും പററിക്കൊണ്ടു കേസ്സിനുപോകാതെയും കേസു കൊടുത്താലും നടപടി നീട്ടാതെയും കാൎയ്യം ഒതുക്കാൻ തയ്യാറില്ലാത്തവരൊ ആയ മുന്നാളന്മാരെ ഈ ഭൂമുഖത്തു കാണുന്നതല്ല. അങ്ങനെയുള്ള മുന്നാളന്മാരെ തെററിദ്ധരിച്ചു അസ്വസ്ഥരാക്കുകയും അപ്രകാരം ഈ പ്രസ്ഥാനത്തെ പാടേ ക്ഷയിപ്പിക്കയും ആണു ചെയ്തുവരുന്നത്. ചിട്ടി നടത്തുന്ന മുന്നാളനു കുറെ ലാഭമുണ്ട്. പക്ഷേ ഒരായുഷ്കാലത്തെ ശ്രമംകൊണ്ടു മാത്രമേ ഒരു ചിട്ടിയുടെ കണക്കുകൾ മുഴുവൻ ഒതുക്കുന്നതിനു മിക്ക മുന്നാളന്മാക്കും സാധിക്കയുള്ളു. അതായതു അയ്യായിരംരൂപയുടെ ചിട്ടി മുതലിക്കുന്ന ഒരു മുന്നാളനു പതിനായിരംരൂപ ലാഭമുണ്ടാകുമെന്നിരിക്കട്ടെ. ആ പതിനായിരംരൂപ ചിട്ടി വട്ടമറുതിയായി പിന്നെ ഒരു പത്തു കൊല്ലംകൊണ്ടുപോലും വസൂലാക്കാൻ മിക്ക മുന്നാളന്മാക്കും സാധിക്കുന്ന

തല്ല. അങ്ങനെ പത്തുകൊല്ലം ക്ലേശിച്ചു ചിട്ടിനടത്തുകയും, പിന്നെ പത്തു കൊല്ലം ഏൎപ്പാടൊതുക്കാൻ ശ്രമിക്കയും ചെയ്യേങ്കിലേ പതിനായിരംരൂപ പല പണയാധാരങ്ങളും വസ്തുക്കളും കുറെ പണവും മററുമായി വസൂലായി എന്നു വരുകയുള്ളു. "കടലാസിൽകണ്ട പശു പുല്ലുതിന്നുകയില്ല" എന്നുള്ളതുപോലെ കടലാസിൽ കാണുന്ന ലാഭം വസൂലായി വരുകയില്ല എന്ന് ഈ ചിട്ടിയെപ്പററി നിരൂപണംചെയ്യിട്ടുള്ളവരാരും മനസ്സിലാക്കിയിട്ടില്ല.

സ്വാനുഭവത്തിൽനിന്നു് ഒരു ചെറിയ ഉദാഹരണം ഉദ്ധരിക്കാം. ബാങ്കിങ്ങന്വേഷണക്കമ്മിററിക്കാർ അവരുടെ റിപ്പോർട്ടിൻെറ ൧൯-ാം വശത്തു ഒരു ലാട്ടറിചിട്ടിയുടെ കണക്കു പ്രസിദ്ധംചെയ്യിട്ടുണ്ടു്. അതു തിരുവനന്തപുരം എഫ്. ബി. ബാങ്ക് നടത്തിക്കൊണ്ടിരുന്ന ഒരു ചിട്ടിയുടെ കണക്കാണു്. ആ ചിട്ടി നിയമതടസ്സംകൊണ്ടു അൻപതാമതവധിക്കു നിർത്തേണ്ടതായിവന്നു. ആകെ ചിററാളന്മാർ അഞ്ഞൂറെങ്കിൽ അൻപതാമതവധിക്കു ൪൩൪൩൦ രൂപ ബാങ്കുകാരുടെ കൈവശം നിക്കിയിരിപ്പുണ്ടാകുമെന്നാണു കമ്മിററിക്കാർ കണക്കാക്കിയിട്ടുള്ളതു്. ആ കണക്കിനെആസ്പദമാക്കിയാണു കമ്മിററി അവരുടെ അഭിപ്രായം രൂപവൽക്കരിച്ചിട്ടുള്ളതു്. എഫ്. ബി. ബാങ്കിനു് അഞ്ഞൂറല്ല, ആയിരത്തിൽപരം നമ്പർ ചിട്ടിയുണ്ടായിരുന്നു. അതിനാൽ അൻപതാമതവധിക്കു ഒരുലക്ഷംരൂപയാണു കമ്മിററിക്കാരുടെ കണക്കനുസരിച്ചു ബാങ്കിൽ ചിട്ടിക്കണക്കിൽ നീക്കിയിരിപ്പുണ്ടാകേണ്ടിയിരുന്നതു്. പക്ഷെ യഥാൎത്ഥത്തിൽ ഉള്ള നീക്കിയിരിപ്പു ൧൧൪൦൦ രൂപ മാത്രമായിരുന്നു. എന്തെന്നാൽ മിക്കവരും ചിട്ടി മുടക്കി. ആയിരത്തിൽപരം നമ്പർ വച്ചാരംഭിച്ച ചിട്ടിയിൽ അവസാനം മുടക്കക്കാരല്ലാതെ ശേഷിച്ചവർ ൧൧൩ മാത്രമായിരുന്നു. കമ്മിററിക്കാരുടെ കണക്കനുസരിച്ചു നോക്കുമ്പോൾ പതിനായിരത്തിൽപരം രൂപ ബാങ്കിനു ലാഭംകിട്ടേണ്ടിയിരുന്നു. പക്ഷേ ആ കണക്കിൽ യഥാൎത്ഥത്തിൽ കിട്ടിയ ലാഭം ഏകദേശം അഞ്ഞൂറുരൂപ മാത്രമായിരുന്നു. ഇതാണു കടലാസിലെ കണക്കും യഥാൎത്ഥകണക്കും തമ്മിലുള്ള വ്യത്യാസം. ചിട്ടികളിൽ മുടക്കക്കാരും കുടിശ്ശികക്കാരും ഉണ്ടായിരിക്കുമെന്നും

അവരുടെ പണം കിട്ടുന്നതിനു വ്യവഹാരവും വിഷമവും വേണ്ടിവരുമെന്നും ഇത്തരം കണക്കുകൂട്ടുന്നവർ ഓർക്കാത്തതു പരിതാപകരംതന്നെ.

ഇങ്ങനെ കഥയില്ലാത്ത നിരൂപണങ്ങൾമൂലം ചിട്ടികളെ സംബന്ധിച്ചു വലുതായ തെറ്റിദ്ധാരണകൾ പ്രചരിക്കാനിടയായിട്ടുണ്ട്. പല ശതവർഷങ്ങളായി തിരുവിതാംകൂറിൽ വലിയ പ്രചാരത്തിലിരിക്കുന്ന ഈ പ്രസ്ഥാനത്തെ നശിപ്പിക്കുന്നതു നാട്ടിലെ ധനവിതരണപരിശ്രമങ്ങൾക്കും ധനസമ്പാദനസൌകര്യങ്ങൾക്കും വലിയ ഹാനികരമാകുന്നു. ഓരോ രാജ്യത്തും ഓരോ ജനസമൂഹത്തിനിടയ്ക്കും ഓരോതരത്തിലുള്ള ധനവിതരണഘടകങ്ങളാണുള്ളതെന്നറിയാതെയാണു നമുക്കു പ്രത്യേകമായുള്ള ഈ ചിട്ടിപ്രസ്ഥാനത്തെ ബ്രിട്ടീഷ് ബാങ്കിങ്ങ്സമ്പ്രദായം മാത്രം പഠിക്കയും പരിശീലിക്കയും ചെയ്തിട്ടുള്ളവരും അവരെ പ്രാമാണികന്മാരായി കരുതുന്നവരും അപലപിക്കാറുള്ളത്. ബ്രിട്ടീഷുകാർ പ്രധാനമായും വ്യാപാരികളാകുന്നു. അതിനാൽ ചുരുങ്ങിയ കാലത്തേക്കു പണം കടംകൊടുക്കുന്നവയും, ചുരുങ്ങിയകാലത്തേക്കുള്ള നിക്ഷേപങ്ങളെ ആശ്രയിച്ചു നിൽക്കുന്നവയും, നിക്ഷേപങ്ങളുടെ എത്രയും ചെറിയ ഒരു ശതമാനംമാത്രം സ്വന്തമൂലധനമുള്ളവയും ആയ വാണിജ്യബാംകുകളാണു ബ്രിട്ടനിൽ പ്രധാനമായുള്ളവയെല്ലാം. ഇന്ത്യയിലും ബ്രിട്ടീഷുകാരുടെ പ്രധാനതൊഴിൽ വ്യാപാരമായിരുന്നല്ലൊ. അതിനാൽ ഇംഗ്ലണ്ടിലെ മട്ടിലുള്ള വാണിജ്യബാംകുകൾ മാത്രമെ ബ്രിട്ടീഷുകാരുടെ ഉത്സാഹത്തിൽ ഇൻഡ്യയിലുണ്ടായിട്ടുള്ളൂ. അവയെയാണ് ഇന്ത്യയിലെ പല വിഭാഗങ്ങളും രാജ്യങ്ങളും അനുകരിച്ചിട്ടുള്ളതു്. എന്നാൽ നമ്മുടെ പ്രധാനതൊഴിൽ കച്ചവടമല്ല കൃഷിയാണെന്നും, കൃഷിക്കാരനുപകരിക്കുന്ന ധനവിതരണസംഘടനകൊണ്ടേ നമുക്കു പ്രയോജനമുള്ളു എന്നും അതിലേക്കു ബ്രിട്ടനെയല്ല ജർമ്മനിയെയാണ് ആരെയെങ്കിലും അനുകരിക്കേണ്ടതുണ്ടെങ്കിൽ നാം അനുകരിക്കേണ്ടതെന്നും ഉള്ളതു നാം വിസ്മരിച്ചിരിക്കുന്നു. ഈ ബ്രിട്ടിഷ് ബാങ്കിങ്ങിനെ മാതൃകായോഗ്യമായി ഗണിക്കുന്നവരാണ് നമ്മുടെ ചിട്ടിയെ അവലപിക്കുന്നതു്. പരമാർത്ഥത്തിൽ ഈ നാട്ടിലെ കൃഷിക്കാർക്കു പുരാതനകാലംമുതൽക്കു ചിട്ടികൊണ്ടേ പ്രയോജന

മുണ്ടായിട്ടുള്ളു. അക്കാരണത്താലാണ് ഈ നാട്ടിലുള്ള എല്ലാ ബാംകുകളും ചിട്ടിനടത്താൻ പ്രേരിതരായിട്ടുള്ളതു്.

ഇനി ചിട്ടിക്കുള്ള ഒരു വലിയ മെച്ചം എത്രയും ചുരുങ്ങിയമൂലധനം കൊണ്ടു് ഏററവും കൂടുതൽ ധനം വിതരണംചെയ്യാൻ സാധിക്കുമെന്നുള്ളതാണു്. ഒൻപതരക്കൊല്ലംകൊണ്ടവസാനിക്കുന്ന ആറുമാസച്ചിട്ടിയാണ് ഇവിടെ സാധാരണമായിരുന്നതു്. അത്തരം ഒരു ചിട്ടി പതിനായിരം രൂപ മുതലായി മുതലിക്കുന്ന ഒരാൾ അഞ്ചുകൊല്ലത്തിനിടയ്ക്കു് ഒരുലക്ഷം രൂപയുടെ ബാധ്യത ഏടുക്കുകയും കുറഞ്ഞപക്ഷം എഴുപതിനായിരം രൂപ പലക്കായി വിതരണംചെയ്കയുംചെയ്യുന്നു. ആയാൾക്കു് ഇതിനുവേണ്ടിവരുന്ന മൂലധനം പണമായി കൂട്ടിച്ചു് ആയിരംരൂപ മാത്രമായിരിക്കും. അയ്യായിരം രൂപ മുതലുള്ളതും അൻപതുമാസംകൊണ്ടവസാനിക്കുന്നതും ആയ ഒരുമാസച്ചിട്ടി മുതലിക്കുന്നയാൾ രണ്ടു കൊല്ലത്തിനിടയ്ക്കു് ഏകദേശം ഒരുലക്ഷം രൂപ വിതരണംചെയ്യുന്നു. അയാൾക്കും സ്വന്തമായി മൂലധനം വളരെയൊന്നും വേണ്ടിവരികയില്ല.

ഈ ചിട്ടിക്കു മുന്നാളിൻെറ കൈവശം വളരെ പണം ഇരിപ്പായിവരുമെന്നു ചിലർ വിചാരിക്കുന്നുണ്ടു്. ബാംകുകൾ ചിട്ടിമുതലിച്ചു ചിട്ടിപ്പണമാണു് ബാങ്കാവശ്യങ്ങൾക്കെടുത്തുപയോഗിക്കുന്നതെന്നു ഒരു തെററിദ്ധാരണയും ചിലക്കുണ്ടു്. ചിട്ടിമുതലിക്കുന്നതിൽ ബാങ്കിനു കുറെ ലാഭമുണ്ടു് എന്നല്ലാതെ ചിട്ടിപ്പണം അവക്കുപയോഗിക്കാൻ കിട്ടുക സാധാരണമല്ല. നേരെമറിച്ചു ചിട്ടിപ്പണം കണിശമായി കൊടുക്കുന്നതിനു ബാംകുവക മററു ധനം ചിട്ടി ആവശ്യത്തിനു ചെലവിടുകയാണ് ബാംകുകാർ സാധാരണ ചെയ്യുന്നതു. പല ബാംകുകളുടേയും അധഃപ്പതനത്തിനു കാരണംതന്നെ ചിട്ടിപ്പണം കൂടുതൽ കുടിശ്ശികയായിപ്പോകുന്നതാകുന്നു.

എങ്ങനെനോക്കിയാലും ഇത്ര നിർദ്ദോഷവും ഇത്ര പ്രയോജനകരവും ഇത്ര പ്രായോഗികവും സ്വാഭാവികവും സഹകരണത്തിൻെറ സകല തത്വങ്ങളും കലന്നിട്ടുള്ളതും ആയ ഒരു ധനവിതരണപ്രസ്ഥാനം, വലിയവനും

എളിയവനും ഒരുപോലെ സംബന്ധിക്കാവുന്നതായി ചിട്ടിയെപ്പോലെ മറെറാന്നു് ഇതുവരെ എങ്ങും കണ്ടിട്ടില്ല. ഇതിനു കുററങ്ങളും കുറവുകളും വല്ലതുമുണ്ടെങ്കിൽ അവയെ പരിഹരിച്ചു ഈ പ്രസ്ഥാനത്തിനു ശക്തിയും വളർച്ചയും കൊടുക്കുന്നതിനുപകരം ഇവയെ പ്രതിരോധിക്കുന്നതിനു ചെയ്യുന്ന ശ്രമം രാജ്യത്തിലെ സാമ്പത്തികപരിശ്രമങ്ങൾക്കും ധനവിതരണസൗകര്യങ്ങൾക്കും ധനസമ്പാദനപ്രേരണയ്ക്കും ഏററവും ഹാനികരമായിട്ടേ പരിണമിക്കയുള്ളു.

തിരുവിതാംകൂർ കർഷകസമാജക്കൂട്ടമെമ്മോറാണ്ടം.

(തിരുവിതാംകൂർ കമ്പനിറഗുലേഷൻ അനുസരിച്ചു് രജിസ്റ്റാക്കാൻ ഉദ്ദേശിച്ചിട്ടുള്ള കൂട്ടയാമമാണു്.)

1. ഈ സമാജത്തിൻെറ പേരു് "തിരുവിതാംകൂർ കൃഷകസമാജം" എന്നായിരിക്കുന്നതാണു്.

2. ഈ സമാജത്തിൻെറ രജിസ്ട്രേഡു് ആഫീസ് കോട്ടയത്തായിരിക്കുന്നതും, എന്നാൽ സമാജത്തിൻെറ ഒരു അസാധാരണനിശ്ചയംമൂലം വേറെ ഏതെങ്കിലും സ്ഥലത്തേയ്ക്കു മാററി സ്ഥാപിക്കാവുന്നതും ആകുന്നു.

3. ഈ സമാജം സ്ഥാപിച്ചിരിക്കുന്നതിൻെറ ഉദ്ദേശങ്ങൾ താഴെ വിവരിക്കുന്നവയാണു്.

എ. തിരുവിതാംകൂറിലെ കൃഷകരുടെ ഗുണത്തിനും രക്ഷയ്ക്കും സാമ്പത്തികമായ അവരുടെ ഉൽക്കർഷത്തിനും വേണ്ട എല്ലാ കാര്യങ്ങളേയും പ്രവർത്തിക്കയും നടത്തുകയും നടത്തിക്കയുംചെയ്യുക.

ബി. ആ വക എല്ലാ കാര്യങ്ങളിലും ഗവർമ്മെണ്ടിൽനിന്നും ചെയ്തു തരാവുന്നതും ചെയ്യുകിട്ടേണ്ടതുമായ എല്ലാ സഹായസഹകരണങ്ങളുംചെയ്തു തരുവാൻ ഗവർമ്മെൻറിനെ ന്യായമായ എല്ലാ മാർഗ്ഗങ്ങളിൽകൂടിയും പ്രബോധിപ്പിക്കയും ഗവർമ്മെൻറിനോടു അഭ്യർത്ഥിച്ചു അവ വാങ്ങുകയും ചെയ്യുക.

സി. ഈ സമാജത്തിൻെറ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവൎത്തിക്കുന്നതിനു മനസ്സും താല്പൎയ്യവും ഉള്ളവരും അങ്ങനെ പ്രവൎത്തിച്ചുകൊള്ളാമെന്നു ഉടമ്പെടുന്നവരും യോഗ്യന്മാരും ഈ സമാജത്തിലെ ആയുഷ്കാലഅംഗങ്ങളും ആയ കർഷകപ്രതിനിധികൾ നിയമസഭയിൽ ഭൂരിപക്ഷം ഉണ്ടായിരിക്കുവാൻ അവശ്യംവേണ്ട എല്ലാ പ്രവൃത്തികളും ചെയ്യുകയും ഈ സമാജവുമായി ഉടമ്പെട്ടു നിയമസഭാസാമാജികന്മാരായി പോകുന്നവൎക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയുംചെയ്യുക.

ഡി. ഇപ്പോഴുള്ള നിയമങ്ങളിൽ കർഷകരുടെ അഭിവൃദ്ധിക്കു ഹാനികരമായിരിക്കുന്നവയെ റദ്ദാക്കിക്കയും ഇനിമേൽ കർഷകൎക്കു ഹനികരമായി വരാവുന്ന നിയമനിർമ്മാണങ്ങളെ എതിൎക്കുകയും അവരുടെ ഗുണത്തിനു അവശ്യം വേണ്ട നിയമനിർമ്മാണത്തിനായി പ്രയത്നിക്കുകയും ചെയ്യുക.

ഇ. രാജ്യത്തിൻെറ അഭിവൃദ്ധിക്കും ഐശ്വൎയ്യത്തിനും നിദാനമായി വിവിധസമുദായങ്ങൾതമ്മിൽ മൈത്രീബന്ധം ഉണ്ടാക്കുന്നതിനു വേണ്ടവിധത്തിലെല്ലാം പ്രവൎത്തിക്കുക.

എഫ്. കർഷകവൃത്തിയേയും കൎഷകരേയും സംബന്ധിച്ചു നവംനവങ്ങളായ അറിവുകൾ ശേഖരിച്ചു കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുക.

ജി. കൃഷിസംബന്ധമായ കാൎയ്യങ്ങളെപ്പററിയും കാർഷികോല്പന്നങ്ങളുടെ വിൽപനയെക്കുറിച്ചും പ്രസ്തുതവിഷയങ്ങളിൽ വിദഗ്ദ്ധാഭിപ്രായം പറവാൻ ത്രാണിയുള്ളവരിൽനിന്നും അഭിപ്രായങ്ങൾ ക്ഷണിക്കുകയും അങ്ങനെ ലഭിക്കുന്നവയെ പരസ്യപ്പെടുത്തുകയും ചെയ്യുക.

എച്ച്. കർഷകരുടെ വിജ്ഞാനവൎദ്ധനവിനെ സഹായിക്കുന്നതായ ഗ്രന്ഥങ്ങൾ, പത്രികകൾ, മാസികകൾ മുതലായവ ശേഖരിച്ചു വിതരണം ചെയ്യുകയും ലൈബ്രറികൾ സ്ഥാപിക്കുകയും കർഷകരുടെ ഉൽക്കർഷത്തെ ലാക്കാക്കി പ്രവൎത്തിക്കുന്ന പ്രസിദ്ധീകരണങ്ങളെ യഥായോഗ്യം സഹായി

ക്കുകയും ആവശ്യമെന്നുകണ്ടാൽ സമാജംവകയായി പത്രങ്ങളോ, മാസിക കളോ നടത്തുകയുംചെയ്യുക.

ഐ. ഈ സമാജംസംബന്ധിച്ച അതിലെ അംഗങ്ങൾതമ്മിലൊ, കമ്മിററി അംഗങ്ങൾതമ്മിലൊ, അതിന്റെ ഉദ്യോഗഭാരവാഹികൾത മ്മിലൊ, സമാജംസംബന്ധിച്ച ആരെങ്കിലുംതമ്മിലോ ഉണ്ടാകാവുന്ന എല്ലാ വിവാദങ്ങളും സമാജത്തിന്റെ മദ്ധ്യസ്ഥതീർച്ചയ്ക്കായി വിട്ടുകൊടുക്കു കയും, തമ്മിൽ വ്യവഹാരപ്പെടാതെ മദ്ധ്യസ്ഥതീർച്ചയ്ക്കു കീഴ്പ്പെടുകയും ചെയ്യുക.

ജെ. മാതൃകാകൃഷിത്തോട്ടങ്ങൾ ഏപ്പെടുത്തുകയും പരിഷ്കൃതരീ തിയിൽ കാലിവളർത്തൽ, കോഴിവളർത്തൽ മുതലായതു നടപ്പിൽവരുത്തുക യുംചെയ്യുക.

കെ. കാർഷികകോളനികൾ സ്ഥാപിച്ചു നടപ്പിൽവരുത്തുകയും മററും ചെയ്യുക.

എൽ. കൃഷകരുടെ ഋണഭാരം കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനും വേണ്ട മാർഗ്ഗങ്ങളെപ്പററി കാലോചിതമായി ആലോചിച്ചു പ്രവർത്തിക്കുക.

എം. കർഷകബാങ്കുകൾ, പരസ്പരസഹായബോർഡുകൾ, ഡിപ്പോ കൾ മുതലായവ സ്ഥാപിച്ചുനടപ്പിൽവരുത്തുക.

എൻ. കൃഷിവലന്മാരിൽ അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലി ല്ലായ്മപ്രശ്നത്തിനു വേണ്ട നിവാരണമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും കൃഷിവലന്മാക്കു അഭിവൃദ്ധികരമായ തൊഴിൽ ഉണ്ടാക്കുന്നതിനും വേണ്ടതു പ്രവർത്തിക്കുക.

ഒ. കൃഷകവൃത്തികൾ ശാസ്ത്രീയമായരീതിയിൽ നടത്തുന്നതിനു പ്രോ ത്സാഹിപ്പിക്കുകയും കാർഷികവ്യവസായങ്ങൾ അഭ്യുന്നതിപ്പെടുത്തുകയും ചെയ്യുക.

പി. ഗ്രാമീണോദ്ധാരണപ്രസ്ഥാനങ്ങൾ പ്രചരിപ്പിക്കുന്നതിനും, കൃഷ കരുടെ ആരോഗ്യാഭിവൃദ്ധിക്കു നിദാനങ്ങളായ കാര്യങ്ങൾ പ്രവർത്തിക്കുന്ന

തിനും, ആതുരശുശ്രൂഷാപദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും വേണ്ടതു ചെയ്യുക.

ക്യു. മേൽവിവരിച്ച കാൎയ്യങ്ങൾ സാധിക്കുന്നതിനു അനുഷ്ഠേയമായ എല്ലാ പ്രവൃത്തികളേയുംചെയ്യു.

4. ഈ സമാജത്തിന്റെ മുതലും ആദായങ്ങളും ഏതു മാൎഗ്ഗത്തിലൂടെ ഉണ്ടായവ ആയിരുന്നാലും സമാജത്തിന്റെ ഉദ്ദേശങ്ങളായി മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള കാൎയ്യങ്ങളുടെ നിർവ്വഹണത്തിനുമാത്രം അവ വിനിയോഗിക്കപ്പെടുന്നതാണു്. സമാജാംഗങ്ങൾക്കു ആദായമെന്ന നിലയിൽ ഡിവിഡണ്ടായിട്ടോ, ബോണസ്സായിട്ടോ മററുവിധത്തിലോ മുതലിന്റെയൊ, ആദായത്തിന്റെയൊ യാതൊരുഭാഗവും പ്രത്യക്ഷമായോ പരോക്ഷമായോ വിഭജിക്കയൊകൈമാററംചെയ്കയൊചെയ്യക്കൂടുന്നതല്ല. എന്നാൽ സമാജത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനൊ കീഴ്സിൽബന്തിയൊ അല്ലെങ്കിൽ മററുവല്ലവരുമൊ സമാജത്തിനു യഥാൎത്ഥത്തിൽ നൽകിയിട്ടുള്ള സേവനത്തിനായി ഉത്തമവിശ്വാസത്തിൽ പ്രതിഫലംനൽകാവുന്നതാണു്. വിശേഷിച്ചുംസമാജത്തിന്റെ ഭരണസമിതിയിലേയൊ കാൎയ്യനിർവ്വഹണസംഘത്തിലെയോ യാതൊരു അംഗത്തെയും സമാജത്തിൽനിന്നും ശമ്പളംപററാവുന്ന ഉദ്യോഗങ്ങളിൽ നിയമിക്കാവുന്നതല്ലാ. എന്നാൽ സമാജത്തിന്റെ ആവശ്യപ്രകാരം അവർചെയ്യുന്ന യാത്രകൾക്കു അവരുടെ കൈയ്യിനാൽ ചെലവാക്കുന്ന സംഖ്യകൾ കൊടുക്കുന്നതിനു ആക്ഷേപമില്ലാത്തതാകുന്നു.

5. അംഗങ്ങളുടെ ബാദ്ധ്യത ക്ലിപ്തപ്പെടുത്തിയിട്ടുള്ളതാകുന്നു.

6. സമാജത്തിലെ ഒരു അംഗമായിരിക്കുന്ന അവസരത്തിലൊഅല്ലെങ്കിൽ തന്റെ സാമാജികത്വം അവസാനിക്കുന്നതിനു മുൻപായി സമാജത്തിനുണ്ടായ ബാദ്ധ്യതകളെങ്കിൽ ഒരു വർഷത്തിനുള്ളിലൊ സമാജം വൈൻഡ്അപ്പ് ചെയ്യേണ്ടതായിവന്നാൽ അപ്രകാരമുള്ള ബാദ്ധ്യതകൾ തീൎക്കുന്നതിലേക്കുള്ള സൎവ്വചെലവുകൾക്കായും സമാജംവൈൻഡ്അപ്പ് ചെയ്യുന്നതിലേക്കുള്ള സൎവ്വചെലവുകൾക്കായും കാൽരൂപായിൽകൂടാതെയുള്ള ഒരു സംഖ്യ ഓരോ അംഗവും നൽകുന്നതിനു സമ്മതിച്ചിട്ടുള്ളതാകുന്നു.

7. ഈ സമാജം തന്നത്താൻ പ്രവൎത്തനം അവസാനിപ്പിച്ചു പിരിച്ചുവിടുകയൊ വൈൻഡ്അപ്പ് ചെയ്യപ്പെടുകയൊ വൈൻഡ്അപ്പു ചെയ്യുകയോ ചെയ്യുന്ന അവസരത്തിൽ സകല ബാദ്ധ്യതകളും കൊടുത്തുതീൎന്നിട്ടും എന്തെങ്കിലുംമുതൽ ശേഷിക്കുന്നപക്ഷം, അതു ഈ സമാജത്തിന്റെ ഉദ്ദേശങ്ങൾക്കനുരൂപമായ ഉദ്ദേശങ്ങളോടുകൂടി സ്ഥാപിച്ചിട്ടുള്ള മററു സ്ഥാപനത്തിനൊ, സ്ഥാപനങ്ങൾക്കൊ ആയി പ്രവൎത്തനംഅവസാനിപ്പിക്കുന്ന സമയത്തൊ അതിനുമുമ്പായൊ കൈമാററം ചെയ്യുകയോ സംഭാവന ചെയ്യുകയൊ ചെയ്യുന്നതുംആണ്. ഇപ്രകാരം പ്രവൎത്തിക്കാത്തപക്ഷം സമാജത്തിന്റെ ഹെഡാഫീസു സ്ഥിതിചെയ്യുന്നിടത്തെ ഡിസ്ട്രിക്ററുകോടതിക്കു ഈ അധികാരം ഉണ്ടായിരിക്കും.

ഈ മെമ്മോറാണ്ഡമനുസരിച്ചു ഒപ്പിട്ടിരിക്കുന്നവരായ ഞങ്ങൾ ഒരു യോഗമായിചേരുവാൻ പൂൎണ്ണമായി സമ്മതിച്ചിരിക്കുന്നു.

കാലികൾക്കു മത്സ്യംകൊടുക്കാമോ?

ഏ. നാരായണൻനായർ ബി. എസ്‌സി. (ജപ്പാൻ) എം. എസ്. സി. (അമേരിക്കാ)

തിരുവിതാംകൂറിൽ ഏതാണ്ടു $3\frac{1}{2}$ ലക്ഷം പശുക്കളും അതിനു സമാനം മൂരികളും ഉള്ളതായി കഴിഞ്ഞ കന്നുകാലിസെൻസസ്സിൽ തിട്ടപ്പെടുത്തിയിട്ടുണ്ടു്. നമുക്കു് ഉപയോഗപ്രദമായി നാം വീട്ടിൽ വളൎത്തുന്ന മററുജന്തുക്കളുടെ ക്ലിപ്തമായ ഒരു സംഖ്യ ഒരു സെൻസസ്സിനാൽ സൂക്ഷ്മപ്പെടുത്താത്തതുകൊണ്ടു ആയതു് എത്രയുണ്ടെന്നു് പറയുവാൻ നിവൃത്തിയില്ല. പശുക്കൾ കറവനിന്നു് ഉപയോഗമില്ലാതെ മിക്കവാറും ഒരു എഴുപതുശതമാനത്തോളം നിൽക്കുമെന്നും കണക്കുകളിൽനിന്നും തീരുമാനിക്കേണ്ടിയിരിക്കുന്നു. ആവശ്യാൎത്ഥമായി വളൎത്തുന്ന ഈ കന്നുകാലിവൎഗ്ഗങ്ങൾക്കു ശരിയായ ആഹാരം കൊടുത്തുവരുന്നുണ്ടോ എന്നുള്ളതു് സംശയപ്രദമാണ്. ജനപ്പെരുപ്പുകൊണ്ടു

മനുഷ്യർതന്നെ മതിയായവിധം ആഹാരദുർഭിക്ഷതകൂടാതെ തിരുവിതാംകൂറിൽ കഴിക്കുവാൻ നിവൃത്തിയില്ലാ എന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. അങ്ങിനെയിരിക്കുമ്പോൾ കന്നുകാലികൾക്കു ശരിയായ ആഹാരം ഉണ്ടാക്കിക്കൊടുക്കുവാൻ നിവൃത്തിയുണ്ടോ എന്നുള്ളതു വിവാദവിഷയമല്ലാ. നമ്മുടെ ആഹാരസാധനങ്ങളിൽ അനാവശ്യമായി നഷ്ടപ്പെടുത്തുന്ന പലതിനേയും ശരിയായവിധത്തിൽ സംഭരിച്ചും സൂക്ഷിച്ചും ഉപയോഗപ്പെടുത്തേണ്ട കടമ ഇതിൽനിന്നും സിദ്ധമാകുന്നു.

മത്സ്യം തിരുവിതാംകൂറിലെ ആഹാരസാധനങ്ങളിൽ പ്രധാനമായ ഒന്നാണു്. ഇപ്പോൾ ഏകദേശം ഒരുലക്ഷം ടൺ മത്സ്യം ആണ്ടിനാൽ ഇവിടെ പിടിച്ചുവരുന്നുണ്ട്. ഇതിൽ പകുതിയിലധികവും പലവിധത്തിൽ പരിപാകപ്പെടുത്തി തിരുവിതാംകൂറിലേയും അന്യരാജ്യങ്ങളിലേയും കമ്പോളങ്ങളിലയച്ചു വിററുവരികയാണു്. മത്സ്യം പാകംചെയ്യുന്ന സമയത്തു് അതിൻെറ തല മുതലായ ഉപയോഗപ്രദങ്ങളല്ലാത്ത ഭാഗങ്ങളെ വെട്ടി വെറുതെ കളയുകയാണു്. കണക്കിൻപ്രകാരം ഒരു മത്സ്യത്തിൻെറ $\frac{1}{4}$ ഭാഗം ഇങ്ങനെ ഉപയോഗപ്രദമല്ലാത്തവിധത്തിൽ തീർന്നുപോകുന്നു. ഈ ഭാഗത്തെ പാശ്ചാത്യരാജ്യങ്ങളിൽ കന്നുകാലികൾക്കുള്ള ആഹാരസാധനമായിട്ടോ കൃഷിക്കുപയോഗത്തിനുള്ള വളമായിട്ടോ വിനിയോഗിക്കുന്നു. ഇതിനെ വളമായിട്ടുപയോഗിക്കുമ്പോൾ "ഫിഷ്ഗ്വവാനൊ" എന്നും കന്നുകാലികൾക്കുള്ള ആഹാരമായിട്ടുപയോഗിക്കുമ്പോൾ "ഫിഷ്മീൽ" എന്നും അറിയപ്പെടുന്നു. എന്നിരുന്നാലും ഇതിനു രണ്ടിനേയും പരിപാകംചെയ്യുന്നതിൽ സാങ്കേതികമായി ചില വ്യത്യാസങ്ങൾ ഉണ്ട്.

വളത്തിൽ "നൈററജൻ", "ഫാസ്ഫേററു്", "പൊട്ടാഷു്", ഈ മൂന്നിൽ ഏതെങ്കിലും ഒരെണ്ണത്തിൻെറ അംശമൊ മുഴവനുമൊ ഉൾപ്പെടുത്തുന്നതിൻെറ പരിഗണനയാണു് ആവശ്യമായിരിക്കുന്നതു്. എന്നാൽ ഒരു ആഹാരസാധനത്തിൻെറ മേന്മ അതിൽ ഉൾക്കൊള്ളുന്ന പ്രൊട്ടീഡ്സ്, കൊഴുപ്പു്, കാർബൊഹൈഡ്രേററ്, ഇവയുടെ അംശങ്ങൾകൊണ്ടാണു് തീരുമാനിക്കപ്പെടുന്നതു്. ചിഞ്ഞളിഞ്ഞതും വൃത്തിഹീനവുമായ

മത്സ്യങ്ങളെ വളമായിരൂപാന്തരപ്പെടുത്തുന്നതുകൊണ്ടു് അപാകതകൾ ഒന്നും ഉണ്ടാകാതിരിക്കെ, കന്നുകാലികളുടേയോ, അല്ലാ മററു ജീവജാലങ്ങളുടേയോ ആഹാരസാധനമായി ഉപയോഗിക്കുന്നതു് അപായകരമാണെന്ന അറിവുള്ള സംഗതിയാണു്.

ഇങ്ങനെയുള്ള ചില അന്തരങ്ങൾ "ഫിഷ്ഗുവനാക്കം" "ഫിഷ്മീൽനം" ഉണ്ടു്. ഇനി മത്സ്യം കന്നുകാലികൾക്ക യോജിച്ച ആഹാരമാണോ എന്ന ചിന്തിച്ചുനോക്കാം. പതിനെട്ടാം ശതാബ്ദത്തിലാണല്ലോ ആഹാര ശാസ്ത്രത്തിൻെറ പരിപുഷ്ടിക്ക പര്യാപ്തങ്ങളായ പര്യവേക്ഷണങ്ങൾ പ്രാരംഭിച്ചതു്. ശാസ്ത്രീയമായ ഗവേഷണങ്ങളുടെ ഫലമായി 1850-ാമാണ്ടുമുതൽ പശ്ചിമഭൂഖണ്ഡത്തിൽ കാലിവർഗ്ഗത്തിന് മത്സ്യം ഒരു ആഹാരസാധനമായി ഉപയോഗിച്ചുതുടങ്ങി. മേൽപ്രസ്താവിച്ചതുപോലെ ഒരു ആഹാരസാധനത്തിൻെറ വില അതിൽ അടങ്ങിയിരിക്കുന്ന "പ്രൊട്ടീഡ്സ്," "കൊഴുപ്പു്" "കാർബോഹൈഡ്രേററു്" ഇവകൊണ്ടാണു് തിട്ടപ്പെടുത്തുന്നതു്. "പ്രൊട്ടീഡ്സു്" മാംസപേശികളുടെ സൃഷ്ടിക്കും നിലനില്പിനും ആവശ്യമായ ഒരു ആഹാരവിഭാഗമാകുന്നു. മത്സ്യത്തിലുള്ള അൽബ്യൂമിനായിഡിൽ സാധാരണയായി 16 ശതമാനം നൈററ്രജൻ ഉൾക്കൊള്ളുന്നതായി രസതന്ത്രം വിവക്ഷിക്കുന്നു. കൊഴുപ്പും കാർബോഹൈഡ്രേററും ദേഹത്തിലെ കൊഴുപ്പായി തീരുന്നതിനുപുറമെ നമുക്കാവശ്യമുള്ള ചൂടും ശക്തിയും പ്രദാനം ചെയ്യുന്നു.

പോഷകസാധനങ്ങൾ ഒരാഹാരത്തിൽ അടങ്ങിയിരിക്കുന്ന ശതമാനക്കണക്കുകൊണ്ടുമാത്രം തീരുമാനിക്കുന്നതും ചിലപ്പോൾ ശരിയല്ലാ. ഇവയുടെ ഏതു ശതമാനം ദഹിച്ചു് ദേഹത്തിൻെറ ആരോഗ്യത്തിനും പരിപോഷണത്തിനും ഉതകുന്നു എന്നുള്ള പരിചിന്തനയും ചെയ്യേണ്ടതാണു്. പരുത്തിക്കുരുവും പിണ്ണാക്കും തവിടും സാധാരണയായി നാം കന്നുകാലികൾക്ക കൊടുത്തുവരാറുള്ള ആഹാരസാധനങ്ങളാണല്ലോ. ഇവ മൂന്നിൽ ഏതിലും ഉള്ള പ്രോട്ടീഡ് ദഹിച്ചു് ദേഹത്തിൽ ചേരുന്ന ശതവിഭാഗത്തിൻെറ മൂന്നിരട്ടിശതവിഭാഗം ഫിഷ്മീലിൽനിന്നും ഉണ്ടാകുന്നതാണ്. ഓട്ടുമീൽ കൊടു

ക്കുന്നതിന്റെ ആറിരട്ടിഫലം ഫിഷ്മീലിൽനിന്നും കിട്ടുന്നു എന്നാണു തീരുമാനിച്ചിട്ടുള്ളതു്. ചില ആഹാരസാധനങ്ങളിൽ ധാരാളം പ്രോട്ടീഡും കൊഴുപ്പും കാർബോഹൈഡ്രേററും ഉൾക്കൊള്ളുന്നു എങ്കിലും അവയിൽ ഏറിയഭാഗവും ദഹിച്ച് ചേരാതെ നഷ്ടപ്പെടാറുണ്ടു്. അങ്ങനെയുള്ള ആഹാരസാധനങ്ങൾക്കു ചിലവാക്കുന്നപണത്തിന്റെ താരതമ്യമായ തോതിൽ ഉള്ള പോഷകാംശം ദഹിക്കാതിരുന്നിട്ടും അതു് വിലയ്ക്കുവാങ്ങി കന്നുകാലിവർഗ്ഗങ്ങൾക്കുകൊടുക്കുന്നതു് ബുദ്ധിപൂർവ്വകമായ ഒരു ധനവിനിമയമല്ല എന്നു പറയേണ്ടിയിരിക്കുന്നു. ചിലവാക്കുന്ന പണത്തിൽനിന്നും കൂടുതൽപ്രയോജനം മററുള്ളകാര്യത്തിനെന്നവണ്ണം ആഹാരത്തിൽനിന്നും ലഭിക്കുവാൻ നാം ശ്രമിക്കേണ്ടതാണു്. അങ്ങനെ നോക്കുകയാണെങ്കിൽ മത്സ്യത്തിലുള്ള പ്രോട്ടീഡും, കൊഴുപ്പും, മിക്കവൊറുമുള്ള മററു ആഹാരസാധനങ്ങളുമായി താരതമ്യപ്പെടുത്തി പരിഗണിക്കുമ്പോൾ കൂടുതൽ അംശം ദഹിച്ചു് മനുഷ്യന്റെ എന്നപോലെ കന്നുകാലികളുടെ ദേഹത്തും ചേരുന്നതാണു്.

ഫിഷ്മീലിനുള്ള ഈ മെച്ചം ശാസ്ത്രജ്ഞന്മാർ സമ്മതിച്ചിട്ടാണു് ഡെന്മാർക്ക് മുതലായ പാശ്ചാത്യരാജ്യങ്ങളിൽ കോഴിക്കൃഷിക്കും കാലിവളത്തലിനും ഇതു് ഒരു ആഹാരസാധനമായി സ്വീകരിച്ചിരിക്കുന്നതു്. ഫിഷ് മീലിൽ 50 തൊട്ടു് 60 ശതമാനംവരെ പ്രോട്ടീഡും 4 തൊട്ടു് 6 ശതമാനം വരെ കൊഴുപ്പും ഉണ്ടു്. ഇതിൽനിന്നും ഈ പോഷകസാധനങ്ങൾ സമൃദ്ധിയായി അടങ്ങിയിരിക്കുന്ന ഒരു ആഹാരസാധനമാണു് ഫിഷ്മീൽ എന്നു് അർത്ഥമാകുന്നു. ദഹിച്ചു ശരീരത്തിൽ യോജിക്കുന്നതിനും ഒരുത്തമമായ ആഹാരസാധനമാണെന്നു് മുൻപ്രസ്താവിച്ച സംഗതിയിൽനിന്നും വ്യക്തമാകുന്നുണ്ടല്ലൊ.

ശാസ്ത്രജ്ഞന്മാർ വേറൊരു വിധത്തിലും ആഹാരസാധനങ്ങളുടെ വില നിർണ്ണയിക്കുന്നു. ഒരോ ആഹാരസാധനത്തിനും ഉള്ള "ഫുഡ്യൂണിററ്" ഇന്നതാണെന്നു ക്ലിപ്തപ്പെടുത്തി അവയെ താരതമ്യപ്പെടുത്തുന്നുണ്ടു്. "ഫുഡ്യൂണിററ്" എന്ന പദം ഒരു സാങ്കേതികപദം ആയതു

കൊണ്ടു് അതു് ഇന്നതാണെന്നു് ഇവിടെ പറയുവാൻ ഞാൻ ശ്രമിക്കുന്നില്ല. അതിൽനിന്നും ഇത്രയും മനസ്സിലാക്കിയാൽ മതി. 61 റാത്തൽ ഫിഷ്മീൽ 100 റാത്തൽ ബാർലിക്കു സമം ഫലപ്രദമാണു്. 110 റാത്തൽ ഓട്ടമിലിനും 87 റാത്തൽ പിണ്ണാക്കിനും 107 റാത്തൽ തവിടിനും 103 റാത്തൽ അരിക്കും സമമായ ഗുണമാണു് ഫുഡ്യൂണിററുപ്രകാരം പരിഗണിച്ചാൽ 61 റാത്തൽ ഫിഷ്മീലിനുള്ളതു്. ഇതിനുംപുറമെ ഫിഷ്മീലിൽ ധാരാളം ധാതുദ്രവ്യങ്ങളും അസ്ഥികളുടെ സൃഷ്ടിക്കു് ആവശ്യമുള്ള "ഫാസ്ഫേററും" "കാൽസിയവും" ഉണ്ടു്. ഈ പറഞ്ഞതിൽനിന്നും മത്സ്യം കന്നുകാലികൾക്കു പ്രയോജനപ്രദമായി കൊടുക്കാവുന്ന ഒരാഹാരസാധനമാണെന്നു് സിദ്ധമാകുന്നു. തിരുവിതാംകൂറിലെ കന്നുകാലികൾക്കു ശരിയായ ആഹാരം കൊടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് നേപ്പിയർപ്പുല്ല് ഗിനിപ്പുല്ല് ചോളം മുതലായവ ധാരാളം വച്ചുപിടിപ്പിക്കണമെന്നു് കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പറഞ്ഞുവരുന്നുണ്ടല്ലോ. തിരുവിതാംകൂറിൽ ഇപ്പോൾ കിട്ടുന്ന ഒരുലക്ഷം ടൺ മത്സ്യത്തിൽനിന്നും കുറഞ്ഞതു് ഒരു ഇരുപത്തിനാലായിരംടൺ ഫിഷ്മീൽ ശേഖരിക്കുവാൻ സാധിക്കുന്നതാണു്. കന്നുകാലികളുടെ ആഹാരം മുഴുവൻ മത്സ്യമാക്കണമെന്നല്ല ഞാൻ അഭിപ്രായപ്പെടുന്നതു്. വയ്ക്കോൽമാത്രം പ്രധാന ആഹാരമായി കൊടുക്കുന്ന കാലിവർഗ്ഗത്തിനു് പ്രൊട്ടീഡും കൊഴുപ്പും കിട്ടുവാൻ നിവൃത്തിയില്ലാത്തതിനാൽ ദിവസവുംകുറേശ്ശ ഫിഷ്മീൽകൂടെ കൊടുത്തു പരിചയിപ്പിക്കുന്നതു ഗുണപ്രദമാണു്.

1000 റാത്തൽ തൂക്കമുള്ള ഒരു പശുവിനു് രണ്ടുറാത്തൽ ഫിഷ്മീൽ വരെ കൊടുക്കാമെന്നു് പരീക്ഷണംകൊണ്ടു നിർണ്ണയിച്ചിട്ടുണ്ടു്. ആട്ടിനാണെങ്കിൽ 100 റാത്തൽ തൂക്കമുള്ള ഒരാട്ടിനു് കാൽറാത്തൽ മീൽവരെ കൊടുക്കാം. കോഴിവർഗ്ഗത്തിനു ദിവസം ഉള്ള ആഹാരത്തിൽ പത്തിൽ ഒരു ഭാഗം മത്സ്യമാക്കുന്നതിൽ വിരോധമില്ല. പന്നിവളത്തലിൽ ഉൽസുകരായിരിക്കുന്നവർ പന്നി 1-നു കാൽറാത്തൽ ഫിഷ്മീൽവീതം കൊടുക്കുകയാണെങ്കിൽ ഇപ്പോൾ അതിനു ലഭിച്ചുവരുന്ന നിഷിദ്ധആഹാരത്തിനേക്കാൾ മെച്ചത്തിനും സംതൃപ്തിക്കും അവകാശമുണ്ടല്ലോ. കടലാസുതിന്നും കരിയില കടിച്ചും വല്ലവിധത്തിലും പ്രാണനുമായി ബന്ധപ്പെട്ടു് കഴിച്ചുകൂട്ടുന്ന പശുക്കൾക്കു് അല്പം മത്സ്യം കൊടുപ്പാൻ സൌകര്യമുള്ളപ്പോൾ കൊടുക്കണം എന്നു പറയുന്നതു് തെററല്ലല്ലോ.

സ്വന്തം പ്രസ്താവന.

തിരുവിതാംകൂർ കൃഷിവ്യവസായമാസികയുടെ പ്രസിദ്ധീകരണത്തിൽ ചില മാററങ്ങൾ സംഭവിക്കയാലാണ് ധനുലക്കം മാസിക മകരത്തിൽ പ്രസിദ്ധംചെയ്യുവാൻ കാരണം. ധനുമാസാവസാനത്തോടുകൂടിയാണ് ഗവമ്മെൻറ് എക്കണോമിക്ക് ഡവലപ്പ്മെൻറ് ബോർഡിൽനിന്നും കൃഷിവ്യവസായമാസികയുടെ പ്രസിദ്ധീകരണം സംബന്ധിച്ച ചുമതലകൾ തിരുവനന്തപുരം ശ്രീരാമവിലാസംപ്രസ്സിനെ ഏല്പിച്ചിട്ടുള്ളതു്. മാസികയുടെ പ്രസിദ്ധീകരണത്തിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തി കൃഷിവ്യവസായതല്പരന്മാരായ രാജ്യവാസികൾക്കാകമാനം ഈ മാസിക ഉപയോഗപ്രദമാക്കിത്തീക്കണമെന്നുള്ള ഏകസദുദ്ദേശം കൊണ്ടു മാത്രമാണ് ഞങ്ങൾ ഇതിൻെറ പ്രസിദ്ധീകരണം കയ്യേല്ക്കാൻ പ്രേരിതരായതു്. ഗവമ്മെൻറിൻെറ ധനസഹായത്തോടും തിരുവിതാംകൂർ എക്കണോമിക്ക് ഡവലപ്പ്മെൻറ് ബോർഡിൻെറ മേൽനോട്ടത്തോടും നടത്തപ്പെടുന്ന ഈ മാസികയുടെ പ്രസിദ്ധീകരണം മുടക്കംകൂടാതെ നിവ്വഹിക്കുവാൻ ഇനിയുമെങ്കിലും സാദ്ധ്യമാകണമെന്നുള്ള ഞങ്ങളുടെ ആഗ്രഹത്തെ സഫലീകരിക്കാനുള്ള കടമ കർഷകരും വ്യവസായോൽക്കർഷാവാഞ്ഛയുള്ളവരുമായ ഇവിടുത്തെ പൊതുജനങ്ങൾക്കും ഉണ്ടെന്നുതന്നെയാണു ഞങ്ങളുടെ ദൃഢമായ വിശ്വാസം. രാജ്യത്തിൻെറ ഉൽക്കർഷത്തിനു നിദാനമായ കൃഷി, വാണിജ്യം, വ്യവസായം മുതലായ വിവിധവിഷയങ്ങൾക്കുവേണ്ടിമാത്രം ഗവമ്മെൻറധീനതയിൽ എക്കണോമിക്ക് ഡവലപ്പ്മെൻറ് ബോർഡിൽനിന്നും നടത്തുന്ന ഒരു പ്രസിദ്ധീകരണം ഈ ഒരു ഒററ മാസികമാത്രമാണ് തിരുവിതാംകൂറിൽ ഉള്ളതു്. ഇതിൻെറ പ്രസിദ്ധീകരണം നന്നാക്കുവാനും പ്രചാരം വൎദ്ധിപ്പിക്കുവാനും ചെയ്യുന്ന ഞങ്ങളുടെ ശ്രമങ്ങളെ സഫലമാക്കേണ്ടതു പൊതുജനങ്ങളാണെന്നു മാത്രമേ ഞങ്ങൾക്കനുസ്മരിപ്പിക്കേണ്ടതുള്ളു. കൃഷി, വ്യവസായം, വാണിജ്യം മുതലായ വിവിധപ്രധാനവിഷയങ്ങളിൽ പ്രത്യേകം പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള വിദഗ്ദ്ധന്മാരുടെ ലേഖനപരമ്പരകൾ തുടച്ചയായി

ഈ മാസികയിൽ പ്രസിദ്ധംചെയ്യുന്നതിനും അതാതുമാസത്തെ ലക്കങ്ങൾ അതാതുമാസത്തിൽതന്നെ മുടക്കം കൂടാതെ ഇറക്കുന്നതിനും വേണ്ട എല്ലാ ഏർപ്പാടുകളും ഞങ്ങൾ ചെയ്തിട്ടുണ്ട്. മാസികയുടെ ആകൃതിയിലും പ്രകൃതിയിലും വേണ്ട പരിഷ്കാരങ്ങൾ വരുത്തുവാനുദ്ദേശിച്ചതുപോലെയെല്ലാം ഈലക്കത്തിൽ സാധിച്ചിട്ടില്ലെങ്കിലും അധികതാമസമെന്യെ അതു നിർവ്വഹിക്കാമെന്നുതന്നെയാണ് വിശ്വാസം.

തിരുവിതാംകൂറിന്റെ സാമ്പത്തികഭാവി സുരക്ഷിതവും ശോഭനവുമാകുവാൻ ഇവിടത്തെ കൃഷിയും വ്യവസായവും പരിഷ്കരിച്ച് അഭിവൃദ്ധിപ്പെടുത്തിയെങ്കിൽ മാത്രമേ സാദ്ധ്യമാകയുള്ളു. പ്രായോഗികമായ കൃഷിക്കും വ്യവസായത്തിനും വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകത്തക്ക വിധത്തിൽ ഉപകാരപ്രദമായ ഒരു പ്രസിദ്ധീകരണം ഇന്നു തിരുവിതാംകൂറുകാർക്കുള്ളതു് ഈ കൃഷിവ്യവസായമാസിക ഒന്നുമാത്രമാണെന്നു സകലരും ഓർത്തു് ഇതിന്റെ വിജയകരമായ പ്രസിദ്ധീകരണത്തിൽ വേണ്ട സഹായസഹകരണങ്ങൾ ചെയ്തുതരുവാൻ അഭ്യർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

പത്രാധിപക്കുറിപ്പുകൾ.

കർഷകകാര്യം.

ഞങ്ങൾ അന്യത്ര ചേർത്തിരിക്കുന്ന കർഷകസമാജനിബന്ധനകളിൽനിന്നും, മററു റിപ്പോർട്ടുകളിൽനിന്നും തിരുവിതാംകൂറിൽ കർഷകരുടെ യഥാർത്ഥപ്രാതിനിധ്യമുള്ള ഒരു സംഘടന സ്ഥാപിക്കുവാൻ ഭാരവാഹികൾ ഉദ്ദേശിക്കുന്നതായി വ്യക്തമാകുന്നു. ഒരു സമസ്തതിരുവിതാംകൂർ കാർഷിക സംഘടനയുടെ ആവശ്യകത ഈ അവസരത്തിൽ ആരേയും പ്രത്യേകം പറഞ്ഞു ബോദ്ധ്യപ്പെടുത്തേണ്ടയാവശ്യമില്ല. നമ്മുടെ രാജ്യം പ്രധാനമായും കർഷകരാജ്യമാണ്. ഭൂരിപക്ഷം ജനങ്ങളും നെല്ല്, നാളികേരം, മരച്ചീനി മുതലായ കൃഷികളിൽ ഏർപ്പെട്ടു ഉപജീവനം നടത്തിവരുന്നു. സാമ്പത്തികാധഃപതനംമൂലം കാർഷികോല്പന്നങ്ങൾക്കു നാൾക്കുനാൾ വിലകുറഞ്ഞും

വരുന്നു. നാട്ടിൻപുറങ്ങളിലെ കാർഷികോല്പന്നങ്ങൾക്ക് നല്ല വില കിട്ടണമെങ്കിൽ അവയെ കുറഞ്ഞ ചിലവിൽ ദൂരദിക്കിലുള്ള വിപണികളിൽ അയക്കേണ്ടതു് അത്യാവശ്യമാകുന്നു. ആയതു് കുഗ്രാമങ്ങളിലെ റോഡുകളും പാലങ്ങളും തോടുകളും എല്ലാം നന്നാക്കി സഞ്ചാരസൗകര്യം വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ സാദ്ധ്യമാകൂ. അതിനാൽ മെയിൻറോഡിലെ ഗതാഗതം പരിഷ്കരിക്കുന്നതിനോടുകൂടിത്തന്നെ, നാട്ടിൻപുറങ്ങളിലെ സഞ്ചാരസൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതു് കൃഷിയുടെ പ്രോത്സാഹനത്തിന് അത്യന്താപേക്ഷിതമാകുന്നു. നാട്ടിൻപുറനിവാസികളായ യഥാർത്ഥകൃഷിക്കാരുടെ ആവശ്യങ്ങൾ അറിഞ്ഞു അവയ്ക്കു വേണ്ട പരിഹാരങ്ങൾ ചെയ്യുന്നതിനും അവരുടെ അഭ്യുദയത്തിനായി നിരന്തരപ്രക്ഷോഭണം നടത്തുന്നതിനും ഈ മാതിരിയുള്ള കർഷകസമാജങ്ങൾ വളരെ ഉപകാരപ്രദമായിരിക്കും.

റബ്ബർഫാക്ടറി

തിരുവിതാംകൂർ ഗവർമ്മേണ്ടിൽനിന്നും, തങ്ങളുടെ റബ്ബർഫാക്ററിയെ, മെസ്സേഴ്സ് പി. വി. സ്വാമിനാഥൻ, കെ. ജി. പരമേശ്വരൻ പിള്ള, എ. വി. തോമസ്സ് മുതലായ സമർത്ഥബിസിനസ്സ് മെൻ (business men) അടങ്ങിയ ഒരു ഡയറക്ടർ സമിതിക്കു വിധേയമായ ഒരു രജിസ്റ്റേർഡ് കമ്പനിക്ക് വിട്ടുകൊടുത്തിരിക്കുന്നതായി കാണുന്നതിൽ ഞങ്ങൾ ഗവർമ്മേണ്ടിനെ ഹാർദ്ദമായി അനുമോദിക്കുന്നു. ഈ മാതിരിയുള്ള വ്യവസായങ്ങൾ, കച്ചവടരീതിയനുസരിച്ചു് വിജയപ്രദമായി നടത്തണമെങ്കിൽ അവയെ പ്രൈവററ് ഏജൻസികൾക്കു് വിട്ടുകൊടുക്കുന്നതാണു നല്ലതെന്നു് എല്ലാധനശാസ്ത്രവിദഗ്ധന്മാരും സമ്മതിച്ചിട്ടുള്ളതാണു്. ഗവർമ്മേണ്ടിന്റെ നേരിട്ടുള്ള ഭരണത്തിൽ ഉണ്ടാകാവുന്ന കൂടുതൽ ചിലവു, ജാഗ്രതക്കുറവു മുതലായ ദൂഷ്യങ്ങളൊന്നും ഗവർമ്മേണ്ടുസഹായത്തോടുകൂടി നടത്തുന്ന പ്രൈവററ് ഏജൻസികൾക്ക് ഉണ്ടാകുകയില്ല. പ്രത്യേകിച്ചു് ഇതരവ്യവസായങ്ങളിൽ പ്രവേശിച്ചു് ജനസമ്മതിനേടിയിട്ടുള്ള ആളുകളെ ഈ മാതിരിയുള്ള വ്യവസായങ്ങളുടെ ചുമതല ഏല്പിക്കുന്ന പക്ഷം ആയതു് ജന

ങ്ങളിൽ കൂടുതലായ വിശ്വാസവും സംതൃപ്തിയും ജനിപ്പിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. പഞ്ചസാര, കളിമൺ മുതലായ ഇതരവ്യവസായങ്ങളിലും ഗവർമ്മേണ്ടു് ഇതേനയംതന്നെ തുടരുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു.

നാളികേരത്തിനു സ്വല്പം വിലകൂടിയിട്ടുണ്ടെന്നു കാണുന്നതു ആശ്വാസകരംതന്നെ. എന്നാൽ ഈ അവസരത്തിൽ നമ്മുടെ നാളികേരകൃഷിയെ കഴിയുന്നവിധം പരിപുഷ്ടിപ്പെടുത്തേണ്ട നമ്മുടെ കടമയേയും നാം വിസ്മരിക്കാൻ പാടുള്ളതല്ല. സിലോൺ ആഭ്യന്തരമന്ത്രിയായ സർ ബാറൺ ജയതിലക്, ഇമ്പീരിയൽ അഗ്രിക്കൾച്ചറൽ റിസേർച്ചു് ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗമായ മിസ്റ്റർ എൻ. സി. മേത്താ എന്നിവർ ഈയിടെ തിരുവിതാംകൂർ സന്ദർശിച്ചയവസരത്തിൽ നമ്മുടെ തെങ്ങുകൃഷിയുടെ ശോചനീയസ്ഥിതിയെ പരാമർശിച്ചു് ചൂണ്ടിക്കാണിച്ചിട്ടുള്ള ദോഷങ്ങൾ പരിഹരിക്കാൻ നാം ശ്രമിക്കേണ്ടതാണു്. ശാസ്ത്രീയമായ രീതിയിൽ ടീ എസ്റ്റേററുകൾപോലെ തെങ്ങിൻതോപ്പുകളെ പരിരക്ഷിക്കുക, കൊപ്രായാക്കുന്നതുവരെയുള്ള കൃഷിക്കാരന്റെ വേലക്കൂലി കുറക്കുക, തെങ്ങിനും തേങ്ങായ്ക്കും പുതിയ പുതിയ ഉപയോഗങ്ങൾ കണ്ടുപിടിക്കുക (സോഡാവെള്ളംപോലെ തേങ്ങാവെള്ളം കുപ്പികളിലാക്കി വിദേശങ്ങളിലയക്കുക) എന്നിവ നമ്മുടെ നാളികേരകൃഷി അഭിവൃദ്ധിപ്പെടുന്നതിനു് പരസഹായംകൂടാതെ നമുക്കുതന്നെ ചെയ്യാവുന്ന ചില ചെറിയ പരിഷ്കാരങ്ങളാകുന്നു. താരിപ്പു വില വർദ്ധിപ്പിക്കുക, മാർക്കററിംഗ് ബോർഡ് രൂപവൽക്കരിച്ചു് വില നിയന്ത്രിക്കുകമുതലായവ ഗവർമ്മെണ്ടുസഹായത്തോടുകൂടി കേരകർഷകസംഘക്കാർ ചെയ്യേണ്ട പ്രധാനകൃത്യങ്ങളാകുന്നു. കേരകർഷകരും കർഷകസംഘക്കാരും ഗവർമ്മേണ്ടും ഈ സംഗതികളിൽ വേണ്ട ശ്രദ്ധപതിപ്പിക്കുന്നുവെന്നു കാണുന്നതു് ആശ്വാസകരംതന്നെ.

വാൎത്തകളും കുറിപ്പുകളും.

ഇന്ത്യൻ ആദായനികുതിസമ്പ്രദായം.

ഇന്ത്യൻ ആദായനികുതിസമ്പ്രദായത്തിന്റെ നാനാവശങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു 1935-ൽ നിയമിച്ചിരുന്ന ബാംബേ ആദായനികുതിക്കമ്മീഷണർ ഖാൻബഹദൂർ വചാ, ലണ്ടനിൽ ഇൻലൻഡ്‌റവന്യൂഡിപ്പാർട്ടുമെന്റിലെ സി. ഡബ്‌ളിയു. അയേഴ്‌സ്, എസ്. പി. ചേംബേഴ്‌സ് എന്നിവർ സമൎപ്പിച്ച റിപ്പോർട്ടു പ്രസിദ്ധംചെയ്തിരിക്കുന്നു. ബ്രിട്ടീഷ്ഇന്ത്യയിലെ ആദായനികുതിഭരണത്തെ ഒന്നിച്ചു സംഘടിപ്പിക്കുന്നതിനു ആദായനികുതി ചീഫ്കമ്മീഷണർ എന്നൊരു ഉദ്യോഗം സൃഷ്ടിക്കണമെന്നു ശുപാൎശചെയ്യപ്പെടുന്നു. എല്ലാ നികുതിചുമത്തലും അപ്പീലിനു വിധേയമായിരിക്കണം. അപ്പീൽ അധികാരത്തോടുകൂടിയ അസിസ്റ്റന്റുകമ്മീഷണൎക്കു ഭരണപരമായ ചുമതലകളുണ്ടായിരിക്കരുതു്. രണ്ടാം അപ്പീലുകൾക്കു ആറു അംഗങ്ങളുള്ള ഒരു അഖിലേന്ത്യാട്രിബ്യൂണൽ രൂപീകരിക്കയും ഹൈക്കോടതികൾക്കുള്ള അധികാരം അവൎക്കു വിട്ടുകൊടുക്കയും ചെയ്യേണ്ടതാണു്. നികുതിദായകന്റെ സൗകൎയ്യങ്ങളെ വേണ്ടപോലെ പരിഗണിക്കുന്നില്ലെന്നു ആദായനികുതി ഉദ്യോഗസ്ഥന്മാരെപ്പററി ആക്ഷേപമുണ്ടെങ്കിലും നികുതിദായകന്മാൎക്കു കണിശക്കുറവും അനാസ്ഥയും വളരെയുണ്ടു്. നികുതിയിൽനിന്നു ഒഴിയാനുള്ള ശ്രമവും സാധാരണമാണു്. നികുതി ചുമത്താവുന്ന ആദായം ലഭിക്കുന്ന ഏതൊരുവനും കണക്കു അയയ്ക്കാൻ നിയമംമൂലം ബാദ്ധ്യസ്ഥനായിരിക്കണം. വിദേശങ്ങളിൽനിന്നുള്ള ആദായം, കാർഷികാദായം, അവധിക്കാലത്തെ ശമ്പളം, ഹിന്ദുകൂട്ടുകുടുംബം, ഭാൎയ്യമാരുടെ ആദായം, യന്ത്രങ്ങളുടെ ഡിപ്രീസിയേഷനുള്ള അലവൻസു് മുതലായി പല കാൎയ്യങ്ങളെപ്പററിയും കമ്മിററി ശുപാൎശചെയ്യുന്നുണ്ടു്.

കൂലികുറയ്ക്കാൻ ന്യായമില്ല

അഹമ്മദബാദു മിൽതൎക്കത്തിലെ അമ്പയർ ആയ സർ ഗോവിന്ദമഡ്ഗോങ്കർ ഇന്നു അദ്ദേഹത്തിന്റെ തീൎപ്പുകല്പിച്ചിരിക്കുന്നു. കൂലികുറയ്ക്കൽ മിൽവ്യവസായത്തിനു പൊതുവെ ആവശ്യവും അഭിലഷണീയവുമാണെന്നു മില്ലുടമസ്ഥന്മാർ തെളിയിച്ചിട്ടില്ലെന്നു അദ്ദേഹം പറയുന്നു. ഡൽഹിയിൽവെച്ചുചെയ്ത കരാർ കാൎയ്യക്ഷമമായി നിൎവ്വഹിക്കുന്നതിനു മില്ലുടമസ്ഥസംഘത്തിനു കഴിഞ്ഞിട്ടില്ലാത്തതിനാൽ കൂലികുറയ്ക്കുന്നതിനോ ഡൽ

ഫിക്കരാർമൂലം സമ്മതിച്ചിരിക്കുന്ന ശമ്പളക്രമീകരണത്തിൻെറ അടിസ്ഥാനത്തെ പാടേ മാററുന്നതിനോ അവക്ക് അർഹതയില്ല. പാരമ്പര്യമായുള്ള സൗഹാർദ്ദബന്ധവും സഹകരണങ്ങളും പരസ്പരവൈഷമ്യങ്ങളെപ്പററിയുള്ള ധാരണയും ആഭ്യന്തരഛിദ്രം നിവാരണംചെയ്യണമെന്നുള്ള നിശ്ചയവും ആയിരിക്കും ലക്ഷ്യമെന്നു അദ്ദേഹം ആശിക്കുന്നു

കൊതുകിനെ കൊല്ലാൻ.

സാമ്രാജ്യകാർഷികപര്യവേക്ഷണസമിതിയാൽരൂപീകരിക്കപ്പെട്ടറൈസ് കമ്മററി ചെയ്തിരിക്കുന്ന തീരുമാനങ്ങളിലൊന്നു നെല്ലുകൃഷിചെയ്യുന്ന വയലുകളിലെ കൊതുകിനെ കൊല്ലുന്നതിനുള്ള ഒരുതരംപൂവ് ചിലഹിൽസ്റ്റേഷനുകളിൽ വളത്തണമെന്നാണ്. ഈ പൂവിൻെറ പൊടി നെൽകൃഷിക്കു യാതൊരുകേടും വരുത്തുകയില്ല. നെല്ലിൻെറ വിളവു വർദ്ധിപ്പിക്കുന്നതിനുള്ള പല ഉപായങ്ങളും ആലോചിക്കപ്പെട്ടു. വളം, കൃഷിസമ്പ്രദായങ്ങൾ മുതലായവയെപ്പററി പല സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള ഗവേഷണങ്ങളുടെ ഫലങ്ങളെ യോജിപ്പിച്ചു സംഘടിപ്പിക്കുന്നതായിരിക്കും. നെൽകൃഷിക്കു ദോഷംചെയ്യുന്ന ചെറുജീവികളിൽനിന്നു സുരക്ഷിതവും കൂടുതൽ വിളവുതരുന്നതുമായ "സാതി" എന്ന ഒരുതരം നെല്ലാണ് ഏററവും നല്ലതെന്നും തീരുമാനിക്കപ്പെട്ടു. കൃഷിക്കും യൂറോപ്യൻരാജ്യങ്ങളിലേക്കു ഏററുമതിക്കും ഏററവും നല്ലതു "ബ്ളൂറോസ്" എന്നുപറയുന്ന ഒരുതരം അമേരിക്കൻനെല്ലാണെന്നു വിചാരിക്കപ്പെടുന്നു.

മുട്ട തരംതിരിയുന്നതിന്.

തിരുവിതാംകൂറും സാമ്രാജ്യകാർഷിക പര്യവേക്ഷണസംഘവും തമ്മിലുള്ള സഹകരണത്തിൻെറ പ്രഥമഫലങ്ങളിലൊന്നായി, മുട്ട പരിശോധിക്കുന്നതിനും തരം തിരിയുന്നതിനുമുള്ള ഒരു സ്റ്റേഷൻ കൊട്ടാരക്കരയിൽ സ്ഥാപിച്ചിരിക്കുന്നു. ഇതിലേക്കുള്ള യന്ത്രങ്ങൾ ആലപ്പുഴയ്ക്കു തിരിച്ചിരിക്കുന്നു. ഈ യന്ത്രം ഒരു മണിക്കൂറിൽ ൧൫൦൦ മുട്ട അത്ഭുതരമായി തിരിയുന്നതാണ്. വില്ക്കുന്നവക്കു നല്ലവിലയും വാങ്ങുന്നവക്കു നല്ലസാധനവും കിട്ടണമെന്നുള്ളതാണുദ്ദേശം. കൊട്ടാരക്കരയിൽ തിരിയുന്ന മുട്ടയ്ക്കു മദ്രാസിലും ബാംഗളൂരിലും നല്ല ചെലവുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

നല്ല ലേഖനങ്ങൾക്ക പാരിതോഷികം

കൃഷിവ്യവസായമാസികയിൽ പ്രസിദ്ധീകരിക്കുവാൻ യോഗ്യമായ നല്ലനല്ലലേഖനങ്ങൾ അയച്ചുതരുന്നതു ഞങ്ങൾ പ്രസിദ്ധം ചെയ്യുന്നതും. ഓരോമാസത്തിലും കിട്ടുന്നതായ ലേഖനങ്ങളിൽ ഒന്നാംസ്ഥാനം അർഹിക്കുന്നതും കൃഷി, വ്യവസായം മുതലായവകളിൽ പ്രായോഗിക പരിഷ്കാരങ്ങളും നിർദ്ദേശങ്ങളും നൾകുന്നതിന്നുതകുന്നവയുമായ ഏററവും നല്ലതെന്നു ബോദ്ധ്യപ്പെടുന്ന ലേഖനത്തിന്ന് അടുത്തമാസം മുതൽ ശരിയായ ഒരു സമ്മാനം നൾകി ലേഖകന്മാരെ പ്രോത്സാഹിപ്പിക്കുവാനും ഞങ്ങൾ തിരുമാനിച്ചിരിക്കുന്നവിവരം പ്രത്യേകം പ്രസ്താവയോഗ്യമാണ്.

Reg: No. 79.

Printed and Published by K. Raghavan Pillai,
at the Sreea Rama vilasam Press, (Branch)—Trivandrum.